# സംഭാവന



M F9-
Bha-S

ഉദയാ പ്രസിദ്ധീകരണശാല

# സംഭാവന

34963

ചാത്തൻ

പോയല്ലോ മക്കളേ!

അവളുടെ പാട്ട്

നേഴ്സ്

സാക്ഷി

—ഭദ്രൻ—

KOTTAYAM PUBLIC LIBRARY
KOTTAYAM.

1950 ഒക്ടോബർ.

ഒന്നാംപതിപ്പ് 1000.

പ്രസാധകർ,

ഉദയാ പ്രസിദ്ധീകരണശാല,

പുനലൂർ.

അച്ചടി

ഉദയാ പ്രസ്സ്, പുനലൂർ.

വില ൧ ക.

# വായനക്കാരോട്

ഇതിൽ അടങ്ങിയിട്ടുള്ള അഞ്ചു ചെറുകഥകൾ സമാഹരിച്ച് ഒരു "സംഭാവന"യാക്കി മലയാളികൾക്കു സംഭാവന ചെയ്യണമെന്നുള്ള ആഗ്രഹം തുടങ്ങിയിട്ട് വളരെ നാളുകളായി. അതിന് അവസരം കാത്തു കഴിയുമ്പോഴാണ് "ഉദയാ പബ്ലിഷിംഗ് ഹൌസി"ന്റെ ഉടമസ്ഥനായ ശ്രീ ഭാസ്കരൻപിള്ളയുടെ സഹായഹസ്തം എന്റെ അഭിലാഷത്തെ തട്ടിയുണർത്തിയതു്.

അങ്ങനെ സംഭാവന തയാറായി. ഈ കാര്യത്തിൽ ശ്രീ. ഭാസ്കരൻപിള്ളയോടു് എനിക്കുള്ള നന്ദി നിസ്സീമമാണ്.

മലയാളഭാഷയിൽ ചെറുകഥകളും ചെറുകഥാകാരന്മാരും വളരെ കൂടുതൽ ഉണ്ടു്. എല്ലാം പരിസരങ്ങളുടെ സൃഷ്ടികളാണ്. ഭാവനാലോകത്തെയ്ക്കു പൊങ്ങിപ്പോയി ആരും ഈ കാലത്തു വിഷമിക്കേണ്ട. പാരിലെ യാഥാർത്ഥ്യങ്ങൾ ആരുടേയും കണ്ണും കർണ്ണവും ആകർഷിക്കത്തക്ക വിധത്തിൽ ബഹളം കൂട്ടുന്ന ചുറ്റുപാടുകളെയാണ് നാം വായിക്കുന്നതു്. പ്രകൃതിയുടെ പ്രേരണയാൽ ഏതു കുഡ്മളമായ ഭാവനയും വികസിതമായിത്തീരും.

അനുഭവങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ എന്റെ ചെറുകഥകൾക്ക് കുറച്ചൊക്കെ അഭിമാനിക്കാൻ വകയു

ണ്ടെന്നാണു് എന്റെ വിശ്വാസം. അക്ലിഷ്ടമായ ഭാഷയിൽ പരമാൎത്ഥം പറയുകയാണു് ഞാൻ ചെയ്യുന്നതു്.

നാം എന്തെല്ലാം കാണുന്നു—കേൾക്കുന്നു—അതെല്ലാം പറയുന്നതു എത്രയോ ആശ്വാസകരമാണു്.

പരിസരങ്ങൾ എനിക്കു സംഭാവന ചെയ്തതു് ഞാൻ നിങ്ങൾക്കു സംഭാവന ചെയ്തുകൊള്ളട്ടെ.

ക്രുപ്പൃകെ!

ഭദ്രൻ.

ബോംബെ,
12—7—1950.

34963

# ചാത്തൻ

വേലുപ്പിള്ളയുടെ ഒരു ഇടി ഇരുപത്തുറാത്തൽ തൂങ്ങുമെന്നാണു് അനുഭവസ്ഥന്മാർ പറയുന്നതു്. അതു് വാസ്തവവുമാണു്. അയാളെ കണ്ടാൽ ഇടികൊള്ളാത്തവർക്കും ആ അഭിപ്രായം തോന്നും. അത്ര ഭയങ്കരനായ ഒരു മനുഷ്യൻ—ഒരു ഹിരണ്യകശിപു.

ആ മുഖത്തോട്ടൊന്നു നോക്കണമെങ്കിൽ വളരെ ധൈര്യം അവലംബിക്കണം. തടിച്ചു് "ധ" പോലുള്ള ഒരു മേൽമീശ. ഇടത്തേക്കണ്ണിനു് രണ്ടിഞ്ചു താഴെ പാപം ഘനീഭവിച്ചതുപോലെ ഒരു കറുത്തുപൊങ്ങിയ പാടു്—ഒരു മണിയൻ ഈച്ച ഇരിക്കുന്നോ എന്നു തോന്നും. മുഖമാസകലം മസൂരിവന്ന പാടുകൾ. വെററില മുറുക്കുനിമിത്തം ചുണ്ടുകൾക്കു് തത്തയുടെ ചുണ്ടിൻെറ നിറമാണു്.

കാൺസ്റ്റബിൾ വേലുപ്പിള്ള,യുടെ മുൻപിൽ ചെന്നാൽ ഏതൊരു പുള്ളിയും കുററം സമ്മതിക്കും. ചെയ്തില്ലെങ്കിലും ആ ഹസ്തങ്ങൾക്കു് അങ്ങനെയൊരു അന്യാദൃശമായ ശക്തിയുണ്ടു്. നിസ്സാരമായ കുററങ്ങൾ അദ്ദേഹം സമ്മതിപ്പിക്കുന്നതു് നോട്ടത്താലാണു്. ആപ്പിൾപ്പഴം പോലെയുള്ള ആ കണ്ണുകൾ തുറിച്ചാൽ കുററം സമ്മതിക്കാനായി പുള്ളികളുടെ നാവു് അനങ്ങിത്തുടങ്ങും. ഉഗ്ര ഹ

ദയരായ അപൂർവ്വം ചില മോഷ്ടാക്കളിൽമാത്രമേ പ്രഹരവിദ്യ വേലുപ്പിള്ള പരീക്ഷിക്കാറുള്ളൂ.

പോലീസുകാരെ ഭയമില്ലാത്ത ഒരുവനുണ്ട്—"ചെകുത്താൻ വേലു"-അനിഷേധ്യനായ ഒരു ചട്ടമ്പി. അവനെ ഒരിക്കൽ പോലീസ്സ് സ്റ്റേഷനിൽകൊണ്ടുവന്നു; അയൽവാസിയായ, കണ്ടക്കുഞ്ഞിനെ അപായകരമായവിധത്തിൽ കയ്യേററം ചെയ്തതിനു്. "കണ്ടക്കുഞ്ഞിൻെറ" പശുക്കിടാവ് വേലുവിൻെറ വാഴയിലയിൽ ഒന്നു കടിച്ചു. അത്രമാത്രം. അതു ചോദിക്കാൻ "ചെകുത്താൻ വേലു" അങ്ങോട്ടുചെന്നു ചോദിച്ചു. ഉച്ചത്തിൽകുറെ ശകാരിച്ചു. രണ്ടുമൂന്നു് അനാവശ്യപദങ്ങൾവിട്ടു. കുറെക്കൂടി അടുത്തു-രണ്ടുകൊടുത്തു "കണ്ടക്കുഞ്ഞിന്റെ" രണ്ടുപല്ലുകൾപോയി. ചുണ്ടുകൾചതഞ്ഞു. മൂക്കിനടിയിൽ ഒരു "ചെമ്പരത്തിപ്പൂ" വച്ചപോലെ രക്തം വ്യാപിച്ചു.

"കണ്ടക്കുഞ്ഞു്" ഒരക്ഷരംപറയാതെ നേരെ പോലീസ്സ്സ്റ്റേഷനിൽചെന്നു സങ്കടമറിയിച്ചു.

അന്നുമുതൽ വേലുപ്പിള്ള കാത്തിരിക്കയാണു്. "ചെകുത്താൻ വേലു" സ്റ്റേഷനിൽ കയറിയപ്പോൾ വേലുപ്പിള്ളയുടെ കൈകൾ ഒന്നുതരിച്ചു.

"നീ വല്ലിയ ചട്ടമ്പിയാണു്-അല്ലിയോടാ" വേലുപ്പിള്ളയുടെ നാവ് ഇടിയുടെ "കേളിയറിയിപ്പു്" നടത്തി.

"ചെകുത്താൻവേലു" ഒന്നും മിണ്ടിയില്ല. അചഞ്ചലനായി അവനങ്ങനെ നിന്നു.

"ഈ പോലീസുകാരനാര്" എന്ന് അവന്റെ ഹൃദയത്തിൽ ഒരു പരിഹാസചിന്ത ഉണ്ടായമട്ടിൽ.

"ഛീ! പറയെടാ" വേലുപ്പിള്ള ഒരിടി.

ഒരുകിണ്ണൻ തറയിൽവീണസ്വരം. സ്റ്റേഷൻമുഴുവൻ ആ ശബ്ദം മാറ്റൊലിക്കൊണ്ടു. അന്തരീക്ഷത്തിൽ അത് തുളഞ്ഞുകയറി.

ചെകുത്താൻ വേലുവിൻെറ തലയ്ക്കുള്ളിൽ ഭൂമി ന്നാമിന്നങ്ങകംകയറി എന്നവനുതോന്നി. ചെവിയിലിരുന്ന് അരണ തുള്ളംവിട്ടുന്നോ എന്നൊരു സംശയവും.

അതോടുകൂടി വേലുപ്പിള്ളയുടെ കീർത്തി സുസ്ഥിരപ്പെട്ടു.

ഒരിക്കൽ വേലുപ്പിള്ള ഒരു മോഷണപ്പുള്ളിയെ അന്വേഷിച്ച് വിദൂരമായ ഒരു സ്ഥലത്തുപോയി. ആളെ കിട്ടിയില്ല. മടങ്ങിവരുമ്പോൾ സമയം രാത്രിയായി. റോഡിൽ നല്ല വെളിച്ചം ഇല്ലായിരുന്നു. വേലുപ്പിള്ള പതിവിലധികം മദ്യംകഴിച്ചിരുന്നു. പാമ്പ് ഇഴയുന്നതുപോലെ നടന്നുവന്ന അയാൾ റോഡരികിൽനിന്ന ഒരു ഒമെൽക്കററിയിൽ "ആരാടാവഴിയിൽനില്ക്കുന്നതു" എന്നലറിക്കൊ

ണ്ടു് ഒരടികൊടുത്തു. മൈൽക്കുറ്റി ഇളകിപ്പോയെന്നാണു് പറയുന്നതു്. അന്നുമുതൽ വേലുപ്പിള്ളയെ "കല്ലൻവേലുപ്പിള്ള" എന്നാണു് അധികൃതകേന്ദ്രങ്ങളിൽ അറിയുന്നതു്.

സ്റ്റേഷനിലുള്ള സകല പോലീസ്സുകാർക്കും വേലുപ്പിള്ള "വേലുപ്പിള്ളച്ചേട്ട"നാണു്. അയാളോടു് ഇൻസ്പെക്ടരും മറുത്തു പറയുകയില്ല.

വേലുപ്പിള്ള കാൺസ്റ്റബിളായിട്ടു് പന്ത്രണ്ടുവർഷങ്ങളായി. പക്ഷേ, ഇതുവരെയും അയാൾക്കു് ഒരു പ്രമോഷൻ കിട്ടിയില്ല. "ഹെഡ്"ആകാൻ വിദ്യാഭ്യാസമില്ല. വേലുപ്പിള്ളയുടെ മെട്രിക്കുലേഷൻ മലയാളംനാലാംക്ലാസ്സായിരുന്നു: പഴക്കം അയാൾക്കു് ഒരു പ്രമോഷൻ പ്രദാനംചെയ്യുമായിരുന്നു. പക്ഷേ ഗ്രഹപ്പിഴയ്ക്കു് ഒരബദ്ധം—ഒരു ബ്ലാക്ക്മാർക്ക്-സർവീസ്സിൽ ഉണ്ടായി. കശപിശയും ലാത്തിചാർജ്ജും ഉണ്ടായ ഒരു തൊഴിലാളിയോഗത്തിൽ വേലുപ്പിള്ളയുടെ തൊപ്പിയും മുദ്രയും പൊയ്പ്പോയി. ആ നിർഭാഗ്യസംഭവം പ്രമോഷൻെറ കഴുത്തു വെട്ടിക്കളഞ്ഞു. കാര്യം അങ്ങേയററം ഐ. ജി. വരെയറിഞ്ഞു. പാവം വേലുപ്പിള്ള.!

* * * *

അങ്ങനെയിരിക്കുമ്പോളാണു് രാഷ്ട്രീയാന്തരീക്ഷം ഒന്നിളകിയതു്. ജനങ്ങളുടെത്യാഗാസക്തി നിർഭയം പാ

ഞ്ഞതു്. ഉത്തരവാദഭരണത്തിനായി ജനങ്ങൾ ഒരുങ്ങി യതു്. യോഗങ്ങൾചേൻ്റു, നിയമലംഘനങ്ങൾ നടന്നു. പോലീസ്സുകാർ ഇളകി; പട്ടാളം അനങ്ങി, ആകപ്പാടെ ഒരു ഭൂമികുലുക്കം.

വേലുപ്പിള്ളയുടെ ലാത്തി പ്രക്ഷുബ്ധമായി. കൈ കൾ അവ്യവസ്ഥിതമായ പ്രഹരത്തിൻെറ പര്യായമായി. രാവും പകലും ഇടിതന്നെ.

ഇടിക്കവേണ്ടി പോലീസ്സ്സ്റ്റേഷനിൽ Over time നടപ്പാക്കി. ദിവസം കഴിയുംന്തോറും പുതിയ മുഖങ്ങൾ- പുതിയ ശരീരങ്ങൾ-പലവിധത്തിലുള്ള മാംസങ്ങൾ- അ വയെല്ലാം കയ്യും വടിയും പങ്കിട്ടെടുത്തു.

സാധുമനുഷ്യർ-അവരുടെ അപരാധം എന്തെന്നു് ഇടിക്കുന്നവക്കറിയാൻവയ്യ. മർദ്ദനന്യമമാകുന്ന ഗരു ഡൻ പോലീസ്സ് ലാക്കപ്പുകളുടെ മുകളിൽ അങ്ങനെപറ ന്നുകൊണ്ടിരുന്നു. അടിയും ഇടിയും ആട്ടും ഒക്കെക്കൂടി പോലീസ്സ്സ്റ്റേഷൻ ആശാരിമാരുടെ പണിപ്പുരപോലെ സദാ ഒച്ചയിട്ടുകൊണ്ടിരുന്നു.

മോഷണമോ, അക്രമമോ, കൊലപാതകമോ, വ്യ ഭിചാരമോ, ഒന്നും ചെയ്തവരല്ല-ഈ സാധു മനുഷ്യർ. അ വർ പറഞ്ഞു, ഭരണം സ്വല്പം നന്നാകണമെന്നു്-ജീവിക്കു വാൻ ചില ആവശ്യങ്ങൾ വേണമെന്നു്-വേലുപ്പിള്ളയെ

ന്റപ്പാലുള്ള പോലീസ്സുകാർക്ക് ശരിയായി ഉപജീവിക്കുവാനുള്ള ശമ്പളം കൊടുക്കണമെന്ന്. നിയമത്തിന്റെ കാമാന്ധതയിൽ പരിശുദ്ധവും പവിത്രവുമായ ഈ ജനാഭിലാഷപ്പതിവ്രതകൾ വ്യഭിചരിക്കപ്പെട്ടു. ദയവില്ലാത്ത വിധം.

ഇടിയുടെ കാഠിന്യംകൊണ്ടു് മെലിഞ്ഞവൻ തടിച്ചു. തടിച്ചവൻ മെലിഞ്ഞു. കറുത്തവൻ വെളുത്തു. വെളുത്തവൻ കറുത്തു—ചെറുകഥക്കാരൻ മഹാകവിയായി.

അങ്ങനെ അക്രമരാഹിത്യപ്രസ്ഥാനത്തിന്റെ പുറത്തു മാപ്പിട്ടുകൊണ്ടു് അക്രമപ്രസ്ഥാനം താണ്ഡവമാടി.

ഇടികൊള്ളുമ്പോഴും ചിലർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "മർദ്ദനം നശിക്കട്ടെ" "പോലീസ്സ് ഭരണം നശിക്കട്ടെ"

അവരെയെല്ലാം നിലത്തുകിടത്തി അവരുടെ പുറത്തുകൂടി വേലുപ്പിള്ളയും പരിവാരങ്ങളും മാർച്ചുചെയ്തു. "ലാത്തിഭരണം തുലയട്ടെ" എന്നുപറഞ്ഞ ഒരുവന്റെ വായിൽ ഒരു പോലീസ്സുകാരൻ ലാത്തിയടിച്ചുകയററി.

യാതൊന്നിലും പോകാതെ ഒരു ഘോഷയാത്ര നോക്കിനിന്ന ഒരുവനെ വേലുപ്പിള്ള കണ്ടമാനം ഇടിച്ചു. അവൻ സ്വല്പം ധൈര്യമുള്ളവനായിരുന്നു. തിരിച്ചടിക്കാനല്ല-

രണ്ടു് വർത്തമാനം പറയാൻ. "തനിക്കു് കുഷ്ഠരോഗം വരുമെടോ" അവൻ പറഞ്ഞു. കോപം കൊണ്ടു വിറച്ച വേലുപ്പിള്ള മൂക്കിന്നു് ഒരിടികൊടുത്തു. അവൻെറ മൂക്കു്, അടിഭാഗം വളഞ്ഞു് ഹോക്കികളിക്കുന്ന വടിപോലെയായിപ്പോയി.

"യെവന്മാരെ ഇടിച്ചിടിച്ചു് കൈകൾക്കു നീരുവന്നല്ലോ" വേലുപ്പിള്ളയുടെ പരാതി ആണതു്. അഥവാ ഇടികൊള്ളുന്നവരോടുള്ള അയാളുടെ അനുകമ്പയുടെ ഒരു നേരിയ നിഴലാട്ടം—അനീതിയുടെ നേരെയുള്ള ഒരു മുഖം കറുപ്പിക്കൽ.

അങ്ങനെയെങ്കിലും ഒരു ചിന്ത അന്ത്യമായിട്ടു് അയാൾക്കുണ്ടായല്ലോ. പോലീസുകാരനും ഹൃദയമുണ്ടു്.

അല്ലെങ്കിൽ അയാളെ എന്തിനു പഴിക്കണം. നിയമം അയാളെ അന്ധനാക്കുന്നു—അതിൻെറ പ്രചുരാട്ടഹാസം അയാളെ വിറപ്പിക്കുന്നു. അതിൻെറ മുൻപിൽ അയാൾ സാഷ്ടാംഗം പ്രണമിക്കുന്നു—ഹിതാനുവർത്തിയാകുന്നു.

തൻെറ മനുഷ്യത്വം ഡിപ്പോസിററുവച്ചാണു് വേലുപ്പിള്ള കാൺസ്റ്റബിളായതു്. അധികാരികളുടെ നേരെ പ്രതിഷേധത്തിൻെറ കണിക ഉയർത്തുവാൻ അയാൾക്കു് ശക്തിയില്ല. തൻമൂലം ആ പ്രതിഷേധത്തിൻെറ പൂർണ്ണ

രൂപം അയാഠം നിരപരാധികളിൽ കാണിക്കുന്നു. അത്ര മാത്രം.

ആ ബഹളം ഒന്നടങ്ങി.

ഇടിയേററവരിൽ ചിലരെ ശിക്ഷിച്ചു. പലരെയും ആസ്പത്രിയിലോട്ടു മാററി. അക്രമനിയമം ചവച്ചുതുപ്പിയ ചണ്ടികളെപ്പോലെ മററുചിലർവെളിയിൽ ഇറങ്ങി.

പോലീസ്സ്റ്റേഷനിൽ പഴയ പുള്ളികഠം മാത്രം ശേഷിച്ചു. പോലീസുകാരുടെ കൈകഠംക്കു ഒരു വിശ്രമം ലഭിച്ചു.

*           *           *

കാൺസ്റ്റബിഠം വേലുപ്പിള്ള സ്റ്റേഷൻെറ വരാന്തയിൽ ഒരു സ്ററൂളിൽ ഇരിക്കുകയാണു്. അരയിലെ ബൽററും, തൊപ്പിയും അടുത്തുള്ള വേറൊരു സ്ററൂളിൽ. ഒരു വിനീതനായ പാദദാസനെപ്പോലെ ലാത്തി ആ സ്ററൂളിൽ ചാരി നിന്നു. അയവിറക്കുന്ന പശുവിന്റേതുപോലെ അയാളുടെ വായ് താംബൂലചർവണത്താൽ അനങ്ങുന്നുണ്ടു്.

അയാഠം ഇടത്തേ പോക്കററിൽ നിന്നും തൻെറ രണ്ടിഞ്ചു ഘനമുള്ള ഡയറി എടുത്തു. ഉദ്യോഗം കിട്ടിയപ്പോഠം വാങ്ങിയ ആ ഡയറി. ഒരു ബീഡിമോഷണം മുതൽ കൊലപാതകംവരെയുള്ള കേസുകളുടെ ഒരു "എൻ

സൈക്ലോപീഡിയാ". ഇളകിപ്പോയ മുക്കാലും ഏടുകളെ ഒന്നിച്ചു ബന്ധിക്കുന്ന ആ നേർത്ത റബ്ബർവലയം മാററി അയാളതു നിവർത്തി.

വിരലുകൾ ചുണ്ടിൽ അമർത്തി ഒന്നു നീട്ടിത്തുപ്പി. താടിയിൽ പവിഴംപോലെ തൂങ്ങിനിന്ന ഒരുതുള്ളി തുപ്പൽ വലതുകയ്യുടെ പുറംകൊണ്ടു് തുത്തുകളഞ്ഞു് അയാൾ ആ ഡയറിയിൽ ദൃഷ്ടി പതിപ്പിച്ചു.

മൂന്നു പുതിയ കേസുകൾ വേലുപ്പിള്ളയ്ക്കുണ്ടു്.

ഒന്നു്, ശബരിമലയ്ക്കു പോകാൻ മാലയിട്ട ഒരുവൻ അയൽവീട്ടിലെ ഓട്ടുപാത്രം മോഷ്ടിച്ചു എന്നുള്ളതാണു്. അവൻ മലയ്ക്കു പോയിരിക്കുകയാണു്. തിരിയെ വന്നിട്ടില്ല. വരുമ്പോൾ ദൈവം മോക്ഷം നൽകിയ അവനെ നരകയാതന അനുഭവിപ്പിക്കുവാനായി വേലുപ്പിള്ളയുടെ കൈകൾ ഒരുങ്ങി ഇരിക്കുകയാണു്.

രണ്ടാമത്തേതു് ഒരു മദ്യപാനിയെ സംബന്ധിച്ചതാണു്. അവൻ വൈകുന്നേരം വീട്ടിൽ വന്നാൽ ഭാര്യയേയും മക്കളേയും അടിക്കുക—അതിൽ അഭിപ്രായം പറയുന്ന അയൽവാസികളെ പേനാക്കത്തി നിവർത്തുകാണിക്കുക—ഇങ്ങനെ ഒരു സ്വഭാവം. ഇതിൽ പൊറുതിമുട്ടിയ ഭാര്യയും മക്കളും പോലീസ്സ്റ്റേഷനിൽ ചെന്നു പരാതിപ്പെട്ടു. അക്ഷമരായ അയൽവാസികൾ എല്ലാവരും ഒപ്പിട്ടു് ഒരു

ഹർജിയും നൽകി. വേലുപ്പിള്ള ഒന്നുരണ്ടു പ്രാവശ്യം അവനെ അന്വേഷിച്ചു ചെന്നു. കണ്ടില്ല. അടുത്തപ്രാവശ്യം പിടിക്കുക "തൊട്ടൊന്നു ഗുണദോഷിക്കുക" എന്നു സമാധാനിച്ചിരിക്കുകയാണു്. ഈ രണ്ടു കേസുകളും സാരമില്ല. പെട്ടെന്നു തീരുമാനമുണ്ടാക്കാം.

മൂന്നാമത്തെ കേസ്സാണു് വേലുപ്പിള്ളയെ വിഷമിപ്പിച്ചതു്. ഒരു വിചിത്രമായ കേസ്സു്.

അധികം അകലെയല്ലാത്ത സ്ഥലത്തുള്ള ഒരു ഗൃഹസ്ഥൻെറ വീട്ടിൽ ഒരു സംഭവം. രാത്രി 10 മണിയാകുമ്പോൾ ആ വീടിൻെറ മേൽ, എവിടെനിന്നെന്നറിയാൻ വയ്യ—കുറെ കല്ലുകൾ വന്നു വീഴുക.

ആദ്യത്തെ ദിവസം ആരും അത്ര കണക്കാക്കിയില്ല. കുട്ടികൾ കളിയായി കല്ലെറിയുകയായിരിക്കും എന്നു വിചാരിച്ചു. രണ്ടാമത്തെ ദിവസവും കൃത്യം 10 മണിയായപ്പോൾ കല്ലുകൾ വീണു. അവിടത്തെ വല്യമ്മ പറഞ്ഞു "തെങ്ങിൽനിന്നു വല്ല വെള്ളയ്ക്കായോ മറേറാ വീണതായിരിക്കും."

മൂന്നാം ദിവസവും അതേ സമയത്തു് കല്ലുകൾ.

അപ്പോൾ എല്ലാവരും ഒന്നിളകി.

"ആരെടാ തെമ്മാടികളെ,; എന്നൊരാൾ ഉച്ചത്തിൽ വിളിച്ചുചോദിച്ചു.

മററു ചിലർ വിളക്കുകളുമായി വീടിനു ചുററും പറമ്പുമുഴുവനും നടന്നുനോക്കി.

ആരുമില്ല.

കല്ലുകൾ നാലാം ദിവസവും അഞ്ചാം ദിവസവും—എന്നുവേണ്ടാ ദിവസവും വീണുകൊണ്ടിരുന്നു

ഒരു തെളിവും ഇല്ല.

ന്യൂസ് അയൽ പ്രദേശമൊക്കെ പരന്നു. കിഴവികൾ തമ്മിൽ പറഞ്ഞു—"ചാത്തനായിരിക്കും,, എന്ന്.

"ചുമ്മാ ഇരിക്കെൻെറ കിഴവിത്തള്ളേ—ചാത്തനുമല്ല—പൂത്തനുമല്ല, ഇതാരോ പററിക്കാൻ ചെയ്യുന്ന പണിയാണ്.,, ഒരു ഉല്പതിഷ്ണു എതിർത്തു.

"പോടാ അവിടുന്ന്—നെനക്കെന്തറിയാം,, ഒരു കിഴവി അയാളെ ഒരു ആട്ടുകൊടുത്തു.

അവർ ചാത്തൻെറ ജനനസ്ഥലവും, വളർച്ചയും, മററു പലതും സവിസ്തരം പ്രതിപാദിക്കുന്ന പല കഥകളും പറഞ്ഞുകൊടുത്തു.

ഇതെല്ലാം കേട്ടുകൊണ്ടുനിന്ന മറെറാരു യുവാവു പറഞ്ഞു—

"അവിടെ കണ്ടാൽകൊള്ളാവുന്ന രണ്ടുമൂന്നു പെൺകുട്ടികളുള്ളതാണ് ഈ കല്ലേറിനു കാരണം,,

ഇങ്ങനെ പല അഭിപ്രായപ്രകടനങ്ങളും നടന്നു. പക്ഷെ രാത്രി പത്തു മണിക്ക് കല്ലുകൾ വീഴുന്നതിനു യാതൊരു ശമനവുമുണ്ടായില്ല.

വീട്ടുകാർക്കെല്ലാം വല്ലാത്ത ഭയവും പരിഭ്രമവുമായി. അവരെല്ലാം അത്താഴം നേരത്തെ കഴിച്ച് പത്തു മണിക്കുമുൻപ് ഉറങ്ങിത്തുടങ്ങി. പല ചെറുപ്പക്കാരും വെളുക്കുന്നതുവരെ കാത്തു നിന്നു നോക്കി. ഫലമുണ്ടായില്ല.

വിവരം ഒടുവിൽ പോലീസ്സിൽ അറിയിച്ചു. രണ്ടു പോലീസ്സുകാർ രണ്ടുദിവസം വന്നുനിന്നു. ഫലമുണ്ടായില്ല, കല്ലുകൾ പതിവുപോലെ വീണു.

കാര്യം പത്രങ്ങളിൽ "പ്രാദേശികവാർത്തകളുടെ" കൂട്ടത്തിൽ "സ. ലേ." എഴുതി.

"എടാ—എന്തതിശയം" കണ്ടവരും കേട്ടവരും അന്ധാളിച്ചു.

"ലോകം അവസാനിക്കാൻ പോകുകയാണ്" എന്നൊരു പടുവൃദ്ധൻ പറഞ്ഞു.

കാൺസ്റ്റബിൾ വേലുപ്പിള്ളയെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചു. അയാൾ കാരണം ആലോചിച്ചു തലകളഞ്ഞു. ഒരു ദിവസം രാത്രി ആ വീടിൻെറ വാതുക്കൽ പോയി നിലയായി. മണി എട്ടായി. എട്ടരയായി. ഒൻപതുകഴിഞ്ഞു. ഒരു സംഭവവും ഉണ്ടായില്ല. ഒൻപതേമുക്കാൽ. യാതൊന്നും ഉണ്ടായില്ല. പത്തിന് അഞ്ചു മിനിട്ട്. പത്ത്. മൂന്നുകല്ലുകൾ വന്നുവീണു. ഒന്നു വേലുപ്പിള്ളയുടെ തലയിലും രണ്ടെണ്ണം കെട്ടിടത്തിലും.

"ഭദ്രകാളിയെ പിശാചുപിടിച്ചു" എന്നുപറഞ്ഞതുപോലെ വേലുപ്പിള്ളയെ ചാത്തൻ. ഇനി എന്താണ് ചെയ്യുക.

വേലുപ്പിള്ളയുടെ ലാത്തി തരിച്ചു. സ്വല്പം അയവുണ്ടായിരുന്നെങ്കിൽ അതൊന്നു വളഞ്ഞു പുളഞ്ഞേനെ. പക്ഷേ ആരുടെ നേർക്കാണ്. അവിടെങ്ങും ആരുമില്ല. ആരോടു പകവീട്ടേണ്ടെന്നറിയാതെ അയാൾ അരിശം സംയമനംചെയ്തു.

കയ്യിലുണ്ടായിരുന്ന "ടോർച്ച്" അയാൾ നാലുപാടും പ്രകാശിപ്പിച്ചു. ആരുമില്ല. ഒരു പശു അതിൻെറ കിടാവിനെ നക്കിനക്കി സ്വല്പം അകലെ കിടക്കുന്നുണ്ട്. അതുമാത്രം.

നാലഞ്ചുമിനിററുകൾ പിന്നെയും കഴിഞ്ഞു. വേലുപ്പിള്ളയുടെ ചെകിടിന് "പ്ലാഷ്" എന്നൊരടി-ആരോ,

തലകൊണ്ടു് ഇംഗ്ലീഷിൽ ഒരു "ക്യൂ" വരച്ചു് അയാൾ താഴെവീണു.

വീണപ്പോൾ വയറിന്നു് ഒരു ചവിട്ടും. വേലുപ്പിള്ള "അയ്യോ ",എന്നു നിലവിളിച്ചു. നിലവിളികേട്ടു് ആളുകൾ ഓടിയെത്തി. ബോധശൂന്യനായ ആ പോലീസ്സുകാരനെ ചിലർ താങ്ങിയെടുത്തു ആശുപത്രിയിൽ കൊണ്ടുപോയി.

* * * *

പിറേറദിവസംമുതൽ കല്ലേറു അവസാനിച്ചു. വേലുപ്പിള്ളയെ അടിച്ചതു ചാത്തനാണെന്നും, അല്ലാ, മനുഷ്യനാണെന്നും ഉള്ള തർക്കങ്ങൾ ഒന്നരമാസത്തോളം നടന്നു. ഒരു തീരുമാനവുമില്ലാതെ ചാത്തനായാലും മനുഷ്യനായാലും അയാൾക്കു അടികിട്ടിയതുനന്നായി. ആ അഭിപ്രായത്തിന്നു് നല്ല ഭൂരിപക്ഷമുണ്ടായിരുന്നു. ആസ്പത്രിയിൽനിന്നും വേലുപ്പിള്ള മടങ്ങി. ഒരു പുതിയ മനുഷ്യനായിട്ടു്. അയാൾ പലപ്പോഴായി പലർക്കു നൽകിയിട്ടുള്ള അടിയും ഇടിയും ഒരുമിച്ചുവന്നുവീണതുപോലിരുന്നു ആ കയ്യേററം. അതോടുകൂടി അയാൾ മററുള്ളവർക്കുണ്ടാകാവുന്ന വേദന എന്തെന്നു മനസ്സിലാക്കി. മനുഷ്യരെ ഇടിക്കുന്നതു് മോശമാണെന്നുള്ള ബോധം ആദ്യമായി അയാൾക്കുണ്ടായി. അയാളുടെ ഉള്ളിലെ അജ്ഞാനാന്ധകാരമാകുന്ന പാറക്കെട്ടുകളുടെ ഇടയിൽ

വിജ്ഞാനസൂര്യന്റെ ആദ്യകന്ദളങ്ങൾ ആവിർഭവിച്ചു. മനുഷ്യനെ മനുഷ്യനായി കരുതുവാനും അയാൾ തുടങ്ങി. ഉദ്ദേശശുദ്ധിയും ആദർശഭക്തിയും ഉള്ള ഒരു പോലീസ്സ്കാരനായി വേലുപ്പിള്ള രൂപാന്തരപ്പെട്ടു.

* * * * *

ഒരുദിവസം "ചെകുത്താൻവേലു" നിർഭയം പോലീസ്സ്സ്റ്റേഷനിൽ കയറിച്ചെന്നു. വേലുപ്പിള്ളയോടു പറഞ്ഞു.

"അന്നു് അടിച്ചതു് ഞാനാണു്. അതു പറയാനാണു് ഞാൻ വന്നതു്. എന്നെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളു. സമ്മതമാണു്." എന്തൊരുധൈര്യം! വേലുപ്പിള്ള ഒരക്ഷരം മിണ്ടിയല്ല.

അയാൾക്കു് അവനോടു് സ്നേഹംതോന്നി. "നിന്നെ ഞാൻ സമ്മതിച്ചിരിക്കുന്നു" വേലുപ്പിള്ള പറഞ്ഞു.

"ഞാൻ അടിയും ഇടിയും നിറുത്തിക്കളഞ്ഞു."

'ഞാനും' വേലു അതിനോടു യോജിച്ചു.

അവർ പരസ്പരം നോക്കിച്ചിരിച്ചു.

ലോകത്തിനു നല്ലകാലമുണ്ടാകുന്ന സംഭവങ്ങളിൽ ഒന്നായി അതിനെ കരുതാം.

പക്ഷെ വേലുപ്പിള്ള രഹസ്യമായി ചോദിച്ചു. "ആ കല്ലെറിഞ്ഞതാരാണു്."

'ഞാൻ' വേലുപറഞ്ഞു.

"യെന്തിനു്"

"അതൊക്കെയിനി എന്തിനു പറയണം."
വേലു ഒഴിഞ്ഞുകളഞ്ഞു.

വേലുപ്പിള്ളയുടെ ഹൃദയം മെല്ലെ സംസാരിച്ചു.

"ചാത്തൻ!"

# 'പോയല്ലോ മകളെ'

"അച്ഛാ! പകുതിക്കഞ്ഞി അച്ഛനും കുടിയച്ചാ-പട്ടിണികിടക്കാതെ" ആ മകൾ കരഞ്ഞപേക്ഷിച്ചു.

"വേണ്ട മോളേ, എന്റെ പൊന്നുമോള് കുടിക്ക്-അച്ഛൻ വയസ്സനല്ല്യോ. ഇനി എത്തറനാള് കിടക്കും" വൃദ്ധൻ കൊച്ചുമകളെ ആശ്വസിപ്പിച്ചു. അല്പമായ ആ കഞ്ഞിയിൽ പങ്കു പററി സ്വന്തം മകളുടെ പട്ടിണിയുടെ ഭാവഭേദങ്ങൾ കാണുവാനും കേൾക്കുവാനും ആ കിഴവനു കരുത്തില്ല.

"ഉം" അച്ഛൻ കുടിച്ചില്ലെങ്കി.....എനിക്കുംവേണ്ട" അവൾ പരിഭവത്തോടുകൂടി തീർത്തുപറഞ്ഞു.

"മോളു കുടിച്ചില്ലെങ്കി അച്ഛൻ ഈരാത്രി വല്ലടത്തും പോയിക്കളേം-പറഞ്ഞേക്കാം" മകൾ കഞ്ഞികുടിക്കാനായിവൃദ്ധൻ പ്രയോഗിക്കാറുള്ള ഒരു ഒറ്റമൂലിയാണത്. അയാൾക്കറിയാം അപ്പോൾ അവൾ കുടിക്കുമെന്ന്. ആ കുഞ്ഞ് പിന്നൊന്നും ശബ്ദിച്ചില്ല. അച്ഛന്റെ ആ പ്രയോഗം അവളുടെനാവിന് ഒരു മോഹാലസ്യം ഉളവാക്കി.

ആ പിതൃസ്നേഹത്തിൻേറയും പുത്രീവാത്സല്യത്തിൻേറയും ഇടയിലിരുന്ന് അരച്ചട്ടി കഞ്ഞി വിഷമിച്ച് അക്ഷമ പ്രദർശിപ്പിച്ചു.

മകഠം കുടിക്കുവാൻവേണ്ടി വൃദ്ധൻ തുടന്നു.—

"അപ്പനിനി എത്തറനാള കഞ്ഞികുടിക്കും മോളെ? എൻെറ മോള കുഞ്ഞല്ല്യോ, മോള കഞ്ഞികുടിച്ചു കുടിച്ച് വലുതായിവരും-അപ്പോ എൻെറമോളെ വല്ലോരും സമ്മന്തംചെയ്യും-അന്നേരം മോക്ക് ചോറുംകറിയും തുണിയും മറ്റും കിട്ടും-അതുകൊണ്ടു മോള പട്ടിണികിടക്കാതെ"

മനസ്സില്ലാ മനസ്സോടെ ചിരിയുടെ ദുർബ്ബലമായ ഒരു ശാഖ ആ വൃദ്ധൻെറ വരണ്ടചുണ്ടുകളെ ഒന്നു ചലിപ്പിച്ചു.

നേർത്ത കാൽമുട്ടുകളിൽ തൊലിതൂങ്ങുന്ന താടിയപ്പിച്ചുകൊണ്ടു് അയാഠം കുറേനേരം മൌനമായിരുന്നു.

ആ മകളുടെ മുൻപിലിരുന്നകഞ്ഞി അവളുടെ കണ്ണുനീരുവീണ് ചട്ടിയുടെ മേലഗ്രംവരെയെത്തി.

അങ്ങനെ സ്വന്തംകണ്ണുനീരുതന്നെകുടിച്ച് ആകുഞ്ഞു വിശപ്പും ദാഹവും ശമിപ്പിച്ചു.

ചിന്തയിൽനിന്നും ഉണന്ന് വൃദ്ധൻ പറഞ്ഞു.—

"നാലുദിവസംകൂടി കഴിഞ്ഞാപ്പിന്നെ കോളാണു മോളെ"

"അതെന്താപ്പാ" മകൾ ജിജ്ഞാസയുടെ കഴുത്തിൽ നിന്നും കയറെടുത്തു.

"അടുത്ത വേഴാഴിച്ച പട്ടണത്തിൽ മൂന്നു കല്യാണമുണ്ട്"–അപ്പോ നമുക്കു ഓരാഴിച്ചത്തേക്കുള്ളവക കിട്ടുകില്ലേ മോളെ"

ശബ്ദമില്ലാതെ ആ കിഴവൻ ഒന്നു ചിരിച്ചു. അന്യൻെറ ഉച്ഛിഷ്ടം അമൃതുപോലെ ആഹരിക്കുന്ന ആ പിച്ചക്കാരന് എന്തെന്നില്ലാത്ത സംതൃപ്തിയുളവായി.

"വല്ലവരുടേയും കല്യാണംനടന്നാ നമുക്കെന്തുഫലം? ശ്വാസം നേരെവീണ ആ പെൺകിടാവ് ചോദിച്ചു.

"ആരുടെ കല്യാണമായാലും പാവങ്ങൾക്ക് കൊടുക്കണംമോളെ. ഓ! അത് ഈശ്വരനിശ്ചയമാ" വൃദ്ധൻ അക്കാര്യത്തിൽ ഒരു യാഥാസ്ഥിതികനാണ്.

പക്ഷേ, മകൾക്ക് വലിയ അന്ധവിശ്വാസവും പൂർവ്വാചാരവിശ്വാസവും ഇല്ല.

അവൾ എതിർത്തു "റേഷനായതുകൊണ്ട് ചോറും കറീം കൊടുക്കാമ്മേലന്ന് സർക്കാര് പറഞ്ഞിട്ടുണ്ട്"

"എന്നാലും പാവങ്ങൾക്ക് കൊടുക്കണം മോളെ—അത് ഈശ്വരനിശ്ചയമാ" വൃദ്ധൻ അതേപല്ലവി ഉരു

വിട്ടു. പകൽപോലെ പരമാത്ഥമെന്നുവിശ്വസിച്ച് അയാൾ ആ ചിന്ത കണ്ണാടിയിട്ട് ഹൃദയത്തിൽ സൂക്ഷിക്കുകയാണ്.

തവിട്ടുനിറത്തിലുള്ള കണ്ണുകൾ ചക്രവാളസീമയിൽ തെളിഞ്ഞുനിന്ന ഒരു നക്ഷത്രത്തിൽ കേന്ദ്രീകരിച്ചുകൊണ്ടു വൃദ്ധൻ ചിന്തിച്ചു. അയാളുടെ പഴയ കാലങ്ങൾ-വിഭവസുലഭമായ കഴിഞ്ഞകാലങ്ങൾ, പിച്ചക്കാരനായിരുന്നെങ്കിലും അന്ന് അയാൾക്ക് സംതൃപ്തിയുണ്ടായിരുന്നു, പട്ടിണികുരുദിവസവും കിടന്നിട്ടില്ല, ചക്രവും ചോറും കിട്ടാത്ത ഒരു ദിവസം ഉണ്ടായിട്ടില്ല: ആളുകളുടെ കയ്യിൽ പണമുണ്ടായിരുന്നു. ധർമ്മംകൊടുക്കുവാനുള്ള മനോഭാവം എല്ലാവർക്കും ഉണ്ടായിരുന്നു, അക്കാലംപോയ്, എന്നെന്നേയ്ക്കുമായി പോയി, മനുഷ്യർ ദുഷിച്ചു, ലോകംനശിച്ചു, യുദ്ധം ലോകംമുഴുവനും പഞ്ഞംവാരിവിതച്ചു, പണമില്ല, ഭക്ഷണസാധനങ്ങളില്ല, പാവങ്ങൾപോലും ഉപയോഗശൂന്യമാക്കിയിരുന്ന ഭക്ഷ്യവസ്തുക്കൾ പണക്കാരുടെ അമൃതായിരൂപാന്തരപ്പെട്ടു; പണക്കാർ അധഃപതിപ്പ് പ്രായേണ പാവങ്ങളുടെ സംഖ്യയ്ക്ക് കനം വർദ്ധിച്ചു.

“മോളെ” ഇരുളിൻെറ നിദ്രയ്ക്കു ഭംഗംവരാത്ത സ്വരത്തിൽ വൃദ്ധൻ വിളിച്ചു.

മകൾ ഉറങ്ങിപ്പോയി. ഇംഗ്ലീഷിൽ ഏഴ് എഴുതിയപോലെ ആ കുഞ്ഞുകിടന്നുറങ്ങുന്നു.

വൃദ്ധൻ അടുത്തിരുന്നു പരുപരുത്ത കൈകൾകൊണ്ടു് അഴുക്കുപിടിച്ചതെങ്കിലും മാർദ്ദവമേറിയ ആ കവിളുകളിൽ തലോടി.

“എന്റെ പൊന്നുമോളെ, നോക്കിക്കൊള്ളണേ” മരിക്കുവാൻനേരം അവളുടെ അമ്മ ഉരുവിട്ട ആ വാചകം എഴുതിയ ഒരു ബോർഡു്; ഓർമ്മ, ആ കിഴവന്റെ കൺമുൻപിൽകൊണ്ടുവന്നുവച്ചു.

അയാളെന്തുചെയ്യും—കിട്ടുന്നതുമുഴുവനും മകൾക്കു കൊടുത്തു് അയാൾ സംതൃപ്തനാകും. എന്നാലും ആ വയറു നിറയുകയില്ല. ആ ചെറിയവയറു് നിറയ്ക്കുവാനുള്ള കാരുണ്യംപോലും ഉള്ളവർക്കു് ഇല്ലാതെപോകുന്നു. “നശിച്ചലോകം” വൃദ്ധൻ എപ്പോഴും ലോകത്തെ പ്രാകുക പതിവാണു്.

ആ പീടികത്തിണ്ണയാണു് അയാളുടെ വാസസ്ഥലം. കടപൂട്ടിക്കഴിഞ്ഞാൽ പിന്നെ നേരംവെളുക്കുന്നതുവരെ അവിടം അയാൾക്കുള്ളതാണു്.

വിസ്തൃതമായ സാമ്രാജ്യം ഒരു ചക്രവർത്തി രക്ഷിച്ചുപോരുന്നതുപോലെയാണു് ആ കിഴവൻ ആ പീടികത്തിണ്ണയും കടയും സൂക്ഷിക്കുന്നതു്. ആ കടക്കാരനോടു് അയാൾക്കു വലിയ സ്നേഹവും നന്ദിയുമുണ്ടു്. ചിലപ്പോൾ തന്റെ മകൾക്കു് എലികടിച്ചതും ചീഞ്ഞതുമായ രണ്ടുമൂ

ന്നു പഴം കിട്ടുന്നതാണു് അതിനുകാരണം. നല്ലതൊന്നും അവർക്കു് ആഘരിക്കാൻ ഭാഗ്യമില്ല. കൊടുക്കേണ്ടുമവർക്കു് സന്മനസ്സുമില്ല.

ആ വൃദ്ധനു് നല്ലവണ്ണമറിയാം—ആ വലിയകെട്ടിടത്തിൽ ഉപയോഗമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന നാലഞ്ചു് മുറികളുണ്ടു്-രാത്രികാലങ്ങളിൽ അതിനുള്ളിൽ വാവലും, ഞെറിച്ചിലും, എലികളും കയറി സ്വച്ഛന്ദം വിഹരിക്കുന്നുണ്ടു്-പക്ഷെ, അതു് അയാളെപ്പോലുള്ള പാവങ്ങൾക്കു കിട്ടുകയില്ല-കൊടുക്കുകയില്ല; അയാൾക്കു് നല്ലവണ്ണമറിയാം-ആ പീടികയുടെള്ളിൽ അട്ടിയായി അരിച്ചാക്കുകളും, മററു ഭക്ഷണസാധനങ്ങളും ഇരിപ്പുണ്ടു്. എലിയും. പാററയും, പൂച്ചയും അതു നിത്യവും തിന്നുതീർക്കുന്നുണ്ടു്. അവയുടെപുറത്തുകൂടി അരണയും, ഓന്തും, പാമ്പും, പഴുതാരയും ഇഴയുന്നുണ്ടു്-പക്ഷെ, അയാളേപ്പോലുള്ള പിച്ചക്കാർക്കു് അതിൽ ഒരംശം കിട്ടുകയില്ല. തൊടാൻ അർഹതയുമില്ല. അയാൾക്കു നല്ലവണ്ണമറിയാം-അയാളെപ്പോലുള്ള ആളുകളുടെ ആവശ്യങ്ങൾ. ആ ആവശ്യങ്ങൾ നിറവേററത്തക്ക വിധത്തിൽ മററുള്ളവരുടെ ആവശ്യംകഴിഞ്ഞുള്ള വിഭവങ്ങളും മററും ആവശ്യമില്ലാതെകിടക്കുന്നു; നശിക്കുന്നും. അശതികളേയും, ആത്തരേയും, ആരു കരുതാൻ-അവരെ വിസ്മരിക്കാതെ ഈ ലോകത്തിനു് പുരോഗമിക്കാനൊക്കുകയില്ല.

ആ പീടികത്തിണ്ണയുടെ ഒരു കോണാണ് ആ വൃദ്ധന്റെകൊട്ടാരം. ആ പരുപരുത്ത തറയാണ് അയാളുടെ മണിമഞ്ചം. ആ നാറിയ പഴന്തുണിത്തുണ്ടുകളാണ് അയാളുടെ പൂമെത്ത: അവിടെവച്ചാണ് പത്തുവർഷങ്ങൾക്കുമുൻപ്—മഴക്കാലത്ത്—കോളും പിശറുംനിറഞ്ഞ ഒരു രാത്രിയിൽ—അയാൾ ഒരു പിച്ചക്കാരിപ്പെണ്ണിനെ കണ്ടുമുട്ടിയതു്. അവിടെവച്ചാണ് അയാൾ മഴനനഞ്ഞു് വിറച്ച അവൾക്ക് പുതയ്ക്കാനായി ഒന്നു രണ്ടു തുണിത്തുണ്ടുകൾ നൽകിയതു്. അവിടെവച്ചാണ് അവർ പരസ്പരം സംസാരിച്ചതു്—അറിഞ്ഞതു്—അടുത്തതു്—- അവിടെവച്ചാണ് അവരുടെ ഗാന്ധർവ്വവിവാഹം നടന്നതു്—മധുവിധു ആഘോഷിക്കപ്പെട്ടതു്. അവിടെവച്ചാണ് അവൾ ഗർഭംധരിച്ചതു്—പ്രസവിച്ചതു്—മരിച്ചതു്—!!

അയാളും ആ കൊച്ചുമകളും ഇപ്പോഴും അവിടെത്തന്നെകഴിയുന്നു.

ആ കഥ—ആ ജീവചരിത്രം—ആ മഹാഭാരതം, കണ്ടവരില്ല, അറിഞ്ഞവരില്ല, എഴുതിയവരില്ല, വായിച്ചവരില്ല.

ചിന്തകളാൽ വീർപ്പുമുട്ടിയ ആ വൃദ്ധൻ തളർന്നുറങ്ങി മകളേയും കെട്ടിപ്പിടിച്ചുകൊണ്ടു്.

ആ ഉറക്കം കാൺവാൻ സഹസ്രാക്ഷൻ കണ്ണുതുറന്നപോലെ നക്ഷത്രങ്ങൾ ഒളിചിന്നി.

വ്യാഴാഴ്ചയായി— കല്യാണങ്ങൾനടക്കുന്ന ദിവസം— കിഴവനും മകളും സാതൃപ്തിയുടേയും സന്തോഷത്തിന്റേയും "പതിനെട്ടാം പടിയിൽ" എത്തുന്ന ദിവസം.

നേരം വെളുപ്പായുടനേ അവർ പുറപ്പെട്ടു. വടിയും കുത്തിപ്പിടിച്ചുനടക്കുന്ന വൃദ്ധന്റെ നിഴൽപോലെ; കിട്ടുന്നതെല്ലാം കെട്ടിക്കൊണ്ടുവരുവാൻ തുണിക്കഷണങ്ങൾ പേറിയ, മകളും നടന്നു.

നാലുനാഴിക നടന്നുപോകണം.

വേഗംനടക്കുവാൻ പട്ടിണി അവരെ അനുവദിച്ചില്ല. പക്ഷേ; വേഗം എത്തുകയുംവേണം.

"ഒന്നു വേഗംനടക്കു മോളെ ബാക്കിയുള്ളവരും ഇപ്പോഎത്തിക്കാണും"

വൃദ്ധൻ കൂടെക്കൂടെ തിരിഞ്ഞുനോക്കി പറഞ്ഞുകൊണ്ടിരുന്നു. അയാൾക്കറിയാം മററുള്ളപിച്ചക്കാരും അവിടെവന്നുചേരുന്നവിവരം. എവിടെയെങ്കിലും ഒരു വിവാഹമുണ്ടായാൽ അന്നു് ആ ദിക്കിലോട്ടു പിച്ചക്കാരുടെ ഒരു ഘോഷയാത്രയാണു്—നരകത്തിലേയ്ക്കുള്ള ഒരു ഘോഷയാത്ര. ഒരോരുത്തരുടേയും വിചാരം മററുള്ളവർ വരരുതേ എന്നാണു്.

മണി പതിനൊന്നോടുകൂടി അവർ വിവാഹം നട

ക്കുന്ന ഒരു വീടിൻെറ സമീപമെത്തി: ആശ്വാസമരുളുന്ന ശീതളമാരുതൻ അവരുടെ കാഞ്ഞ ശരീരത്തെ ഒന്നു തലോടി.

34963

വൃദ്ധൻ നാലുപാടും കണ്ണോടിച്ചു.

“ആരും വന്നിട്ടില്ല മോളേയിന്നു്. ഉള്ളതു നമുക്കു തന്നെ,, അയാൾ തൻെറ ആശ്വാസം മകളിലോട്ടു് പകർത്തി.

ആ വീട്ടിൽനിന്നും വടിയുംകുത്തിപ്പിടിച്ചു് ഒരു യാചകൻ, സുചിരാർജ്ജിതമായ ധനം അപഹരിക്കപ്പെട്ട ലുബ്ധനെപ്പോലെ, നടന്നുവന്നു.

“എവിടാടോ—നേരം വെളുക്കുംമുമ്പ് എത്തിയോ?' വൃദ്ധൻ കുശലം അന്വേഷിച്ചു, ഒരു പരിഹാസരൂപത്തിൽ:

“ഓ .....അവിടെങ്ങും ഒന്നുമില്ല. മുഹൂർത്തം വെളുക്കുന്നതിനു മുമ്പാരുന്നു. വന്നവർക്കു് ഓരോ കാപ്പി കൊടുത്തു. ഓടിവന്നതും മിച്ചം.,, യാചകൻ ക്ഷീണോക്തികൾകൊണ്ടു സമാധാനം കൊടുത്തു.

വൃദ്ധനും മകളും ആ മറുപടിയിൽ തളർന്നുപോയി.

“ഞാമ്പറഞ്ഞില്ലേച്ചാ—നമുക്കൊന്നും തിരികെല്ലന്നു്,, മകൾ അച്ഛൻെറ തളർച്ചയെ കൂടുതൽ വഷളാക്കി.

KOTTAYAM PUBLIC LIBRARY KOTTAYAM.

“അങ്ങനെ പറയരുതേ മോളേ—പാവങ്ങൾക്കു കൊടുക്കണം—അതു ഈശ്വരനിശ്ചയമാ, ആ വിശ്വാസമാകുന്ന ഇത്തിൾ അയാളുടെ ആത്മാവാകുന്ന വൃക്ഷത്തിൽ പററിപ്പിടിച്ചുപോയി. “ഇതു പോകട്ടെ മകളെ നമ്മക്കു മററ വീട്ടിലേയ്ക്കു പോകാം” ശുഭാപ്തിവിശ്വാസമുള്ള അയാൾ മകളേയുംകൊണ്ടു് വിവാഹമുള്ള രണ്ടാമത്തെ വീട്ടിലേയ്ക്കു പോയി.

പന്ത്രണ്ടു മണിയായി. പൊള്ളുന്ന വെയിൽ. റോഡരികിൽ കൂടെ പോകുന്ന അവരുടെ കണ്ണിലും മൂക്കിലും പൊടി അടിച്ചു കയററിക്കൊണ്ടു് ഒരു കാർ ഓടി.

“പണക്കാരു് കാറിൽ കയറിപ്പോയാലും പാവങ്ങളെ ഉപദ്രവിക്കുന്നല്ലോ. പൊടി മൂക്കിൽ കയറിയപ്പോൾ നാലഞ്ചുപ്രാവശ്യം തുമ്മിയ വൃദ്ധൻ മുഖം കറുത്തു ഒരഭിപ്രായം പറഞ്ഞു.

കാലു പൊള്ളുന്നതുകൊണ്ടായിരിക്കും—അവർ ഇരുവുന്നതും വേഗത്തിൽ നടന്നു: രണ്ടാമത്തെ വീട്ടിന്റെ പടിവാതുക്കലെത്തി. അവിടെ തടിച്ച കാർമേഘഖണ്ഡംപോലെ ഒരു സംഘം പിച്ചക്കാർ നില്പുണ്ടു്. പറഞ്ഞാലുംപറഞ്ഞാലും പോകാത്ത അവരെ അഭിസംബോധന ചെയ്തുകൊണ്ടു് ഒരു ചെറുപ്പക്കാരൻ ഒരു സാഹിത്യപ്രസംഗം ചെയ്തു.

"എന്തിന്ന നിങ്ങൾ വെറുതെ നിന്നു വലയുന്നു. വിവാഹം ക്ഷേത്രത്തിൽ വച്ചാണു നടന്നതു്. കുറെ ആളുകളെ മാത്രമേ വിളിച്ചിട്ടുള്ളു. അവർക്കു സദ്യ ഒരു ഹോട്ടലിൽ ഏർപ്പെടുത്തിയിരിക്കുകയാണു്. ഇവിടെ ഒന്നും തന്നെയില്ല."

ആ പ്രസംഗത്തിന്നു കരഘോഷമുണ്ടായില്ല. അതൊരു ലാത്തിച്ചാർജ്ജുപോലെ ക്രൂരമായിരുന്നു. ആ പാവങ്ങൾ പല വഴി ചിന്നിച്ചിതറിപ്പോയി.

വൃദ്ധന്നു തല കറക്കവും മകൾക്കു തല വേദനയും ഉണ്ടായി.

സൂര്യൻ അധഃപതനത്തിലോട്ടു കാലുകുത്തി. പ്രകാശമേറിയ പ്രതാപം മെല്ലെമെല്ലെ കുറഞ്ഞുതുടങ്ങി.

കിഴവനും മകളും ആശ്വാസത്തിൻെറ ശ്രീകോവിലായ മൂന്നാമത്തെ വീട്ടിലെത്തി. അവിടെ എന്തൊക്കെയോ ഉണ്ടു്. സദ്യ കഴിഞ്ഞു. മതിലിന്നു വെളിയിൽ വീചിക്ഷോഭമിയന്ന പിച്ചക്കാരുടെ ഒരു കരിങ്കടൽ. അതിൽ ഒരു വരണ്ട നിമ്നഗപോലെ കിഴവനും മകളും അലിഞ്ഞുചേർന്നു.

പാവങ്ങളുടെ ഓഹരിയായ എച്ചിലിലകളെ ആ പാരിച്ച സദ്യപ്പുര ഇനിയും പ്രസവിച്ചിട്ടില്ല: കൊതി

യുടെ കൊട്ടമുടിയിൽ മരുവുന്ന നിരാശ്രയരായ പാവങ്ങൾക്ക് മാത്രതൻ ഭക്ഷ്യവസ്തുക്കളുടെ ഗന്ധം ആരുമറിയാതെ മോഷ്ടിച്ചു നൽകി.

വൃദ്ധൻ മകളേയും പിടിച്ചുകൊണ്ടു് അൽപം അകലെയായി മതിലിനു സമീപം ചെന്നുനിന്നു. അയാൾക്കറിയാം എച്ചിലിലകൾ വന്നു വീഴുന്ന സ്ഥലം. അതിൽ അയാൾ ചിരപരിചിതനാണു്. മൊരടിച്ചു തരുശാഖയിൽ തൂങ്ങുന്ന "കരുകിലിൻെറ" കൂട്ടപോലെയുള്ള ഉണങ്ങിയ സ്തനങ്ങളിൽ കടിച്ചുതൂങ്ങുന്ന പൈതലിനെ പേറിക്കൊണ്ടു് ഒരു യാചകി "തംപ്രാനേ അടിയങ്ങൾ പോട്ടേ—വല്ലതും തരണേ" എന്നു വിളിച്ചുകൂവി. ആ വിളിയിൽ പ്രചോദനം കൊണ്ടതുപോലെ അവിടെ കൂടിയിരുന്ന പട്ടിണിവർഗ്ഗം ഒന്നനങ്ങി. ഒരുങ്ങി. വാലാട്ടി, നാക്കുനീട്ടിക്കൊണ്ടു് ഒരു പട്ടിയും മനുഷ്യത്വം അർഹിക്കുന്ന മട്ടിൽ അവിടെ നിന്നു.

അഞ്ചാറിലകൾ അകത്തുനിന്നും വന്നുവീണു, പിച്ചക്കാരുടെ ഇടയിൽ ഒരു "പതിനെട്ടാം യുദ്ധം."

വൃദ്ധൻെറ മുൻപിൽ ഒരു ഇലവീണു. കളഭത്തിൻെറ നിറം കലന്ന "പുളിശ്ശേരി"യിൽ കുഴഞ്ഞ കുറെ ചോറു്. ക്ഷൌരക്കടയിലെ "സ്ഫടികക്കാരക്കട്ട"പോലെ വലിയ ഒരു "കമ്പളങ്ങ"യുടെ കഷണം. കുമളപൊങ്ങാതെ ക

ഷ്ഠരോഗിയുടെ മുഖം പോലെയിരിക്കുന്ന ഒരു പപ്പടം. രണ്ടു പഴത്തൊലി,

അതു വാരിയെടുക്കുവാനായി ചെന്ന വൃദ്ധൻെറ കൈയ്ക്കു്, അരിശവും അമർഷവും മൂത്തുനിന്ന പട്ടി ഒരു കടി. വൃദ്ധൻ നിലവിളിച്ചു.

പട്ടി വിട്ടില്ല.

മകരം കൈകരം കൊണ്ടു പട്ടിയെ അടിച്ചു.

"പോ പട്ടീ.........പട്ടീ.........അയ്യോ" അവരം ഉറക്കെക്കരഞ്ഞു.

ആ തക്കംനോക്കി വേറൊരു പിച്ചക്കാരൻ ഓടി വന്നു് ആ ഇല എടുത്തു. അവൻ അവൻെറ കയ്യിലു ണ്ടായിരുന്ന വടികൊണ്ടു് പട്ടിയുടെ മുതുകിനു് ആഞ്ഞു് ഒരടി. കടിവിട്ട പട്ടി ക്രുവിക്കൊണ്ടു് ഒരോട്ടം. വീണു പോയ വൃദ്ധനെ മകരം പിടിച്ചു എഴുന്നേൽപ്പിച്ചു.

കറുത്തു ശോഷിച്ച അയാളുടെ കയ്യിൽ "മുരുക്കിൻ പൂ" പോലുള്ള രക്തം വ്യാപിച്ചു. മകരം തുണിത്തുണ്ടു കൊണ്ടു് അതു തുടച്ചു.

"ഊ........" വൃദ്ധനു സഹിക്കുവാൻ നിവൃത്തി യില്ല.

"പോയല്ലോ മകളെ കിട്ടിയതു്" അയാൾക്കതിലേ വലിയ സങ്കടമുള്ളൂ.

"പോകട്ടച്ഛാ—ഒന്നുമില്ലെങ്കിലും നമുക്കു തിരിയെപ്പോകാം. ദാ ചോര പിന്നേം വരുന്നു." അവൾ അച്ഛനേയും പിടിച്ചുകൊണ്ടു മെല്ലെ നടന്നു.

പോകുമ്പോഴും കിഴവൻ പറഞ്ഞു—

"പോയല്ലോ മകളെ!"

---

# അവളുടെ പാട്ട്

"സമയമായില്ലപോലും; സമയമായില്ലപോലും
ക്ഷമയെൻെറ ഹൃദയത്തിലൊഴിഞ്ഞൂതോഴീ"

'രാധ' പതിനൊന്നാമത്തെ വയസ്സിൽ മനഃപാഠമാക്കിയ രണ്ടുവരി കവിതയാണതു്.

അന്നവൾ ഫസ്റ്റ് ഫാറത്തിൽ പഠിക്കുകയായിരുന്നു: ഒരുദിവസം അച്ഛനും അമ്മയുമൊരുമിച്ചു് "കരുണ" എന്നനാടകം കാണുവാൻ പോയി.

അതിലെ നായിക "വാസവദത്ത" ഈ കവിത സംഗീതരീതിയിൽപാടിയപ്പോൾ രോമാഞ്ചംകൊണ്ടു രാധ അന്നതു മനഃപാഠമാക്കിയതാണു്. അതിനുശേഷം അവൾ കളിക്കാൻ പോകുമ്പോഴും, അടുക്കളജോലി ചെയ്യുമ്പോഴും, പള്ളിക്കൂടത്തിൽ പോകുമ്പോഴും, എന്നു വേണ്ടാ എപ്പോഴും മധുരമായി പാടും.

"സമയമായില്ലപോലും സമയമായില്ലപോലും
ക്ഷമയെൻെറ ഹൃദയത്തിലൊഴിഞ്ഞൂതോഴീ"

ഒരുദിവസം അടുക്കളവാതുക്കൽ മീൻവെട്ടിക്കഴുകിനിൽക്കുമ്പോൾ രാധഅറിയാതെ ഉച്ചത്തിൽ ആ പാട്ടുപാടി.

"യെന്തോന്നാടിയവളെ, കൂട്ടാൻ അടുപ്പേവെക്കാതെ പാടിക്കളിക്കുന്നതു്" അവളുടെ അമ്മ ശകാരിച്ചു. അന്നു മുതൽ അവൾ അമ്മയുടെ സമീപത്തിൽ ആ പാട്ടു് ഉച്ചത്തിൽപാടാതിരിക്കുവാൻ ചുണ്ടുകൾക്കൊരു താക്കീതുകൊടുത്തു.

ഗൃഹപാഠം പരിശോധിച്ചപ്പോൾ രാധയുടെ നോട്ടുബുക്കിൽ ഈപാട്ടു് എഴുതിയിരിക്കുന്നതു് വാദ്ധ്യാർകണ്ടു. അദ്ദേഹം അതു് ഉച്ചത്തിൽ ക്ലാസ്സിൽ പാടി. കുട്ടികളെല്ലാം രാധയെനോക്കിപൊട്ടിച്ചിരിച്ചു. അന്നുമുതൽ മററു കുട്ടികൾ രാധയെ, കേൾക്കയും കേൾക്കാതെയും എപ്പോഴും "സമയമായില്ല" എന്നു വിളിക്കുവാൻ തുടങ്ങി.

ഒരുദിവസം രാധ താമസിച്ചു ക്ലാസ്സിൽചെന്നു.

വാദ്ധ്യാർ ചോദിച്ചു "എന്താ സമയമായില്ല ഇതുവരെ"

അന്നു് ഒരു വിരുതൻ വിദ്യാർത്ഥി "ഗോവിന്ദൻ" അവളെക്കുറിച്ചൊരു പാട്ടുണ്ടാക്കി.

"സമയമായില്ല രാധേ, സമയമായില്ല രാധേ,
സമയമായില്ലെനിക്കു വരുവാൻ രാധേ"

മററുകുട്ടികൾഅതു് ഏററുപാടി. രാധ വിഷമിച്ചു.

പരിഹാസസമ്പ്രദായാരണികൊണ്ട്. എങ്കിലും അവൾക്ക് ആ പാട്ട് വിസ്മരിക്കുവാൻ സാധിച്ചില്ല.

രാധ അവളുടെ മാതാപിതാക്കന്മാരുടെ ഏകസന്താനമാണ്. തന്മൂലം അവരുടെ അതിരുകവിഞ്ഞ വാത്സല്യം അവൾക്കു വളർന്നുവരുന്നതിനുള്ള ഏററവും മെച്ചമേറിയ ഒരു വളമായിരുന്നു.

അവൾ പഠിക്കുവാൻ മിടുക്കിയാണ്. നല്ല ചൊടിചൊടിപ്പും. പ്രാഥമിക പ്രണയാവകാശം അർഹിക്കുന്ന പ്രായത്തിനുമുൻപേതന്നെ അവൾ ഒരു സുഭഗയായിമാറി.

നീണ്ടുചുരുണ്ട തലമുടിയും, ഉയർന്ന മാറിടവും അവളെ താരുണ്യത്തിലേയ്ക്ക് എടുത്തുകൊണ്ടോടി. അയൽവാസികളും അറിയുന്നവരും അവൾക്ക് പല ജാതകവും എഴുതി.

മദ്ധ്യവേനൽക്കാലം. പള്ളിക്കൂടംപൂട്ടി. രാധ അക്കൊല്ലം ജയിച്ചു. പക്ഷേ, തുടരാൻസാധിച്ചില്ല. രണ്ടു മാസം അവൾ സുഖക്കേടു മൂലം കിടപ്പായിപ്പോയി. പൂർണ്ണാരോഗ്യം വന്നപ്പോൾ തിരിയെ പള്ളിക്കൂടത്തിൽ പോകുന്നകാര്യത്തെക്കുറിച്ച് ഒരു തർക്കംനടന്നു.

അവളുടെ അമ്മയുടെ അഭിപ്രായം അക്കാര്യത്തിൽ പ്രാധാന്യാർഹമായിരുന്നു.

"ഇത്രയുമൊക്കെ പഠിച്ചതുമതി, വല്ലവൻേറയും പുറകേപോകേണ്ട പെൺപിള്ളേക്കെന്തിനാ വല്യ പട്ടത്തം"

രാധ ഈ അഭിപ്രായത്തെ ശക്തിയുക്തം എതിത്തു. അച്ഛൻ നിഷ്പക്ഷമായിനിന്നു. രാധയുടെ പ്രതിഷേധത്തോടുകൂടി ഒടുവിൽ അതു പാസ്സാക്കപ്പെട്ടു

അങ്ങിനെ അവൾ വീട്ടിനുമാത്രം അലങ്കാരമായിത്തീർന്നു. മൂന്നുവർഷങ്ങൾകഴിഞ്ഞു.

രാധയ്ക്കു പുരുഷന്മാരെവിഷമിപ്പിക്കുന്ന പ്രായമായി. അവൾ പള്ളിക്കൂടത്തേയും പഠനത്തേയും കുറിച്ചുള്ളതെല്ലാം മറന്നു. എങ്കിലും ആ പാട്ടും അതിനെ വേറൊരുരൂപത്തിൽ എഴുതി അവളെ കളിയാക്കിയ ഗോവിന്ദനേയും അവൾ എന്നും ഓർത്തുപോന്നു. അവൾ അന്നും പാടും.

"സമയമായില്ലപോലും സമയമായില്ലപോലും
ക്ഷമയെൻെറ ഹൃദയത്തിലൊഴിഞ്ഞുതോഴീ"

തുടന്നു പതുക്കെ.

"സമയമായില്ല രാധേ സമയമായില്ലരാധേ
സമയമായില്ലെനിക്കു വരുവാൻ രാധേ"

അവൾ ഗോവിന്ദനെക്കുറിച്ചു ചിന്തിക്കുവാൻതുടങ്ങി. അയാളെക്കുറിച്ച് അധികമൊന്നും അവൾക്ക് അറിയുവാ

KOTTAYAM PUBLIC LIBRARY KOTTAYAM

ൻഘാടില്ല. തെക്ക് എവിടെനിന്നോ വരുന്ന ഒരു വിദ്യാർത്ഥി. എപ്പോഴും തമാശപറയുകയും ധാരാളം ചിരിക്കുകയും ചെയ്യുന്ന ഒരു ചെറുപ്പക്കാരൻ. ഇരുനിറമാണ്. വാദ്ധ്യാന്മാർക്കും വീട്ടുകാർക്കും കാണുവാൻ വളരെ പ്രയാസം നേരിടുന്ന ഒരു മേൽമീശയുണ്ട് .ബാക്കിയുള്ള സകല വിവരങ്ങളും അവൾക്കജ്ഞാതമാണ്. അയാൾ ഇപ്പോഴും പഠിക്കുന്നോ അതോ അവളെപ്പോലെ പഠിത്തം നിറുത്തി വീട്ടിലിരിക്കുന്നോ എന്നറിയുവാൻ അവൾക്ക് ആഗ്രഹമുണ്ടായി.

അവൾ എപ്പോഴും ഗോവിന്ദനെപ്പററി ചിന്തിക്കുന്നതുപോലെ ഗോവിന്ദനും അവളെക്കുറിച്ച് എപ്പോഴും ചിന്തിക്കുമോ എന്നവൾ ചിന്തിച്ചു. ഒരു പക്ഷേ, അയാൾ മറന്നുപോയിരിക്കും—അതെങ്ങനെ—തന്നെപ്പററി എഴുതിയ പാട്ട് അയാൾക്ക് വിസ്മരിക്കുവാൻ സാധിക്കുകയില്ലല്ലോ. അതുകൊണ്ട് ഓർക്കും എന്നുള്ളത് നിശ്ചയമാണ്. ഒരു പരീക്ഷണംകൊണ്ടതു തീർച്ചയാക്കാമെന്നവൾ ഉറച്ചു. രണ്ടു കൈകളുംകൊണ്ട് കൺപോളകളിലെരോമങ്ങൾ വലിക്കുക. വലതുകയ്യിൽ രോമം കിട്ടുകയാണെങ്കിൽ ഗോവിന്ദൻ അവളെക്കുറിച്ച് എന്നും ചിന്തിക്കുന്നുണ്ടെന്നർത്ഥം. ഇടതുകയ്യിൽ കിട്ടുകയാണെങ്കിൽ മറന്നുവെന്നസാരം.

ഓരോ കയ്യുടേയും ചൂണ്ടുവിരലും തള്ളവിരലും കൊ

ണ്ടു് അതാതുകണ്ണുകളിലെ രോമങ്ങളിൽ അമർത്തിപ്പിടിച്ചു് അവൾ കീഴ്പ്പോട്ടു് ഒരുപിടി. ആദ്യമേ അവൾ വലത്തു കയ്യിൽനോക്കി. അതിൽ മൂന്നുരോമങ്ങൾ— ഇടത്തുകയ്യിൽ ഒന്നുപോലുമില്ല. അവൾക്കു് ആശ്വാസമായി—സന്തോഷമായി—മൂന്നെണ്ണം വന്നതിൻെറ അർത്ഥം അയാൾ ദിവസവും മൂന്നുപ്രാവശ്യംവീതം ഓർക്കുന്നുണ്ടെന്നാണു് എന്നവൾ തീരുമാനിച്ചു. അവൾക്കൊന്നു ഡാൻസുചെയ്യണമെന്നുതോന്നി. പക്ഷേ, അറിയാൻ വയ്യാത്തതുകൊണ്ടു് വേണ്ടെന്നുവച്ചു. ശരിയായികെട്ടിവച്ചിരുന്നമുടി അഴിച്ചു് അവൾ ഒന്നുകൂടെ കെട്ടിവച്ചു. ജമ്പർ ഒന്നു കീഴ്പ്പോട്ടു വലിച്ചിട്ടു. കണ്ണാടിയുടെമുൻപിൽ പോയിരുന്നു നവരസങ്ങൾ പരിശീലനംചെയ്തു. അന്നുമുതൽ അവളുടെ ചിന്തകൾക്കെല്ലാം ഒരു മാധുര്യമുണ്ടായി. ആവശ്യമില്ലാത്ത ജോലികളും ആരുംപറയാതെ അവൾ വീട്ടിൽ ചെയ്തുതുടങ്ങി.

* * *

രാധയ്ക്കു് ഒരു വിവാഹാലോചനവന്നു. "തലശ്ശേരിയിൽനിന്നു്" ആ ആലോചനകൊണ്ടുവന്നതു് അവളുടെ അമ്മയുടെ ബന്ധുത്വത്തിൻെറ ബലഹീനമായ ശാഖയിലുള്ള ഒരാളാണു്.

"എവിടാണീ സ്ഥലം" അമ്മ ചോദിച്ചു.

"വടക്കേ മലബാറിൽ'.

"വളരെ ദൂരമാണല്ലോ. തീവണ്ടിയിലെല്ലാം കേറി അങ്ങെചെന്നെത്തുന്നതു ബുദ്ധിമുട്ടാണല്ലോ" അപ്പന്റെ അത്ര തൃപ്തിയായില്ല.

"അതിനെന്താ നമ്മളാരും വണ്ടിയോടിക്കണ്ടല്ലോ-ഉള്ളിലിരുന്നാപ്പോരേ?"

തൃപ്തിയിൽമുങ്ങാംകുഴിയിട്ട അമ്മയുടെ അഭിപ്രായം പുറത്തുചാടി. തീവണ്ടിയിൽകയറി ജാമാതാവിന്റെ ഭവനത്തിലേയ്ക്കുള്ള ആ ദീർഘയാത്ര അവർ വിഭാവനം ചെയ്തു.

"കൊച്ചന്റെ പേരെന്താണ്?"

"രഘു"

"നല്ല പേര്—ജോലി?" ആ സ്ത്രീയുടെ ജിജ്ഞാസ അണമുറിഞ്ഞവെള്ളംപോലെ പ്രവഹിച്ചു. അപ്പന് ആ ചോദ്യം പിടിച്ചില്ല.

"എന്തിനാ, ഊരും പേരുംഒക്കെ അന്വേഷിച്ചു വിഷമിക്കുന്നതു്—ഈ ആലോചന നമുക്കുവേണ്ട—വളരെ ദൂരാ, ഈ നാട്ടിലെങ്ങും ആൺപിള്ളേരില്ലാത്തതുപോലെ"

അയാൾ ആ രംഗത്തിന് കട്ടൻഇടാൻ ആരംഭിച്ചു.

"അതെന്താ ദൂരെയാത്രം പെണ്ണിനെ അയക്കില്ലേ. പിന്നെന്തിനാ അവരിങ്ങോട്ടുവന്നതു്?" അമ്മയ്ക്കുവീണ്ടും കുറെക്കൂടിപ്പറയണമെന്നുതോന്നി.

രാധയ്ക്കു് അമ്മയുടെ ശാഠ്യം പിടിച്ചില്ല.

അവരു് അപ്പന്റെ മകളാണു്.

"പിന്നേ—എനിക്കിപ്പോഠം മനസ്സില്ലെങ്കിലോ പോകാൻ"

അവളുടെ ആ വാചകം "ഭാരതവാക്യ"മായിരുന്നു. അതോടുകൂടി ആ ആലോചന അസ്തമിച്ചു. അതെപ്പറ്റി ആരും ഒന്നുംമിണ്ടിയില്ല.

എങ്കിലും രാധയോടു് അമ്മയ്ക്കു വലിയ ദ്വേഷ്യമുണ്ടായി.

പരിചയമില്ലാത്ത ആളുകരം വീട്ടിൽ വരുമ്പോരം കുരയുടെ മുഖവുരയായി മുരളുന്ന പട്ടിയെപ്പോലെ അവർ മകളെക്കാൺമ്പോളെല്ലാം ഒന്നുമൂളും—തുടർന്നു് "അവക്കു പോകാൻ മേല" എന്നു് ഉച്ചത്തിൽ ഒരു ആത്മഗതവും.

അമ്മയുടെ അതൃപ്തിയാകുന്ന പനി പക്ഷെ അധികനാരം നിന്നില്ല. അതു നിശ്ശേഷം മാറി. കാര്യമൊന്നുമില്ലെങ്കിലും അയൽവാസികരം എല്ലാം അറിഞ്ഞു.

രാധയെ 'തലശ്ശേരി'യിൽ വിവാഹംകഴിക്കാൻപോകുന്ന വിവരം. സ്ഥിരീകരിക്കാത്ത വാർത്തകളുടെ 'അച്ചുക്കൂട'മായ പെണ്ണുങ്ങൾ ഈ വിഷയം എടുത്തൊരു പ്രസംഗ പരിശീലനക്ലാസ്സുതുടങ്ങി.

അവിവാഹിതകളായ തരുണികൾ രാധയുടെ ഭർത്താവിനെ കാണുവാൻ കാത്തിരുന്നു.

തൊഴിലില്ലാത്ത ചില ഭോജനപ്രിയന്മാർ പറഞ്ഞു "ഒരുണ്ണായി."

രാധയുടെ അമ്മയോട് ഒരു കിഴവി ചോദിച്ചു "തീയതി തീർച്ചപ്പെടുത്തിയോ."

"എന്തിന്"

'മോടെ കല്യാണത്തിന്"

'ആരുപറഞ്ഞു'

'അങ്ങനെ കേട്ടു.'

"അതവളുടെ അച്ഛന്ന സമ്മതമല്ല, അതുകൊണ്ടു് വിട്ടുകളഞ്ഞു. വല്യദൂരം."

'ഒള്ളതാ' ആ കിഴവിയും അതോടു യോജിച്ചു. 'വടക്കരു നമ്മളെപ്പോലല്ലാ. മോശക്കാരാണ്.' ചെവി

ചുളിച്ചുകൊണ്ടു കിഴവി മന്ത്രിച്ചു. 'ജാതിയിൽ താണ വരാണ്.'

അതോടുകൂടി ആ കഴമ്പില്ലാത്ത പ്രാദേശികവാർത്ത ആ പരിസരത്തിൽനിന്നും പറന്നുപോയി.

ഒരു പൂർണ്ണ ഗർഭിണിയെപ്പോലെ ദിവസങ്ങൾ നീങ്ങി.

ഒരുദിവസം രാധയുടെ വീട്ടിൽ മൂന്ന് അപരിചിതർ വന്നു. വെളുത്ത ഖദർജൂബായും കാവിനിറമുള്ള ഷാളുംധരിച്ച ഒരു യുവാവ്. കോളറില്ലാത്ത കുപ്പായവും പുളിയിലക്കരയൻ നേരിയതും അണിഞ്ഞ ഒരു മദ്ധ്യവയസ്കരൻ. പററിപ്പിടിച്ച സോപ്പിൻപതപോലെ നരച്ച രോമംനിറഞ്ഞ നെഞ്ചിൽ രണ്ടാംമുണ്ടുചാർത്തിയ ഒരു വൃദ്ധൻ.

രാധയുടെ അമ്മ ഭർത്താവിനോടു രഹസ്യമായി പറഞ്ഞു. "അവളെ ചോദിക്കാനായിരിക്കും."

"അതു നെനക്കെങ്ങനെ അറിയാം."

"അല്ലെങ്കിൽ നിങ്ങൾ നോക്കിക്കോ.'

അവർക്ക് അക്കാര്യത്തിൽ നല്ല നിശ്ചയമുണ്ടായിരുന്നു.

"എന്തിനെങ്കിലുമാകട്ടെ നമുക്കു കാണാമല്ലോ. നീ ഊണു തയാറാക്കു."

അതിഥിസൽക്കാരപ്രിയനായ അദ്ദേഹം ആഗതരുടെ സമീപം ചെന്നിരുന്നു.

"ഹോ നേരം വെളുക്കുംമുൻപ് എന്തൊരു ചൊകച്ചിൽ" കഷണ്ടിത്തലയിൽ മസൂരിക്കുമിളകൾപോലെ പൊങ്ങിനിന്ന വിയർപ്പ് നേരിയതിൻെറ അഗ്രംകൊണ്ടു തുടച്ചു വൃദ്ധൻ സംഭാഷണത്തിൻെറ പ്രഥമാദ്ധ്യായത്തിലെ ആദ്യത്തെ ഖണ്ഡിക വായിച്ചു.

രാധയുടെ അമ്മ ഒരു താലത്തിൽ വെററില മുറുക്കാൻ കൊണ്ടുവച്ചു. വെററിലയുടെ അഗ്രം നുള്ളി ചെവിയുടെ അടിയിൽ ഒട്ടിച്ച്, വിരലിൽ ചുണ്ണാമ്പു തോണ്ടിയെടുത്ത വൃദ്ധൻ ഭിത്തിമേൽ തൂങ്ങുന്ന പടങ്ങളിൽ കണ്ണോടിച്ചു.

വട്ടമേശസമ്മേളനത്തിൽ ജോർജ്ജ് പഞ്ചമനുമായി കൈകൊടുത്തിരിക്കുന്ന മഹാത്മാ ഗാന്ധിയുടെ പടത്തിൽ നോക്കിക്കൊണ്ടയാൾ പറഞ്ഞു:

"യെന്നാലും ഈ പാവത്തിനെ അവൻ വെടിവച്ചു കൊന്നല്ലോ—യീ വയസ്സുകാലത്ത്."

"സീതയ്ക്കു ചോറുകൊടുക്കാൻ 'ആറൻമുള' അമ്പലത്തിൽ പോയപ്പോഴാണ് ഞാൻ ആദ്യമായി അദ്ദേ

ഛത്തെ കണ്ടതു്." വായിൽ തുപ്പൽ വർദ്ധിക്കയാൽ കീഴ്ച്ചുണ്ടു് മെല്ലെ മേലോട്ടുയർത്തി മദ്ധ്യവയസ്കൻ ആ സംസാരത്തെ വലിച്ചുനീട്ടി.

"യെന്തൊരു ശാന്തൻ—ദൈവത്തിൻെറ അവതാരം. തനി തങ്കത്തിൻെറ നിറം."

ഇങ്ങനെ അവരുടെ സംഭാഷണം രാഷ്ട്രീയനേതാക്കന്മാരിൽനിന്നും വഴുതിവീണു്, റേഷൻെറ കുറവു്, നാളികേരത്തിൻെറ വില തുടങ്ങിയ മററു വിഷയങ്ങളിലോട്ടു കടന്നു.

ഒടുവിൽ വൃദ്ധൻ പറഞ്ഞു.

"യിനി ഞങ്ങൾ വന്ന കാരിയം പറഞ്ഞില്ലല്ലോ."

സംസാരം ശ്രദ്ധിച്ചുകൊണ്ടുനിന്ന രാധയുടെ അമ്മയുടെ ചെവി വാതിലിൻെറ കതകിൽ ഒട്ടിച്ചേർന്നു.

"ഞങ്ങളുടെ ചയ്യൻ വെറുതെ നിൽക്കുന്നു, അവൻ്റെ കാര്യം ഇവിടെ ഒന്നാലോചിക്കാമെന്നു വിചാരിച്ചു."

"അതിനെന്താ ആലോചിക്കാമല്ലോ.'

രാധയുടെ അച്ഛൻ തയ്യാറെടുത്തു.

"ചയ്യൻ എൻെറ അനന്തരവനാണു്." വൃദ്ധൻ

തുടർന്നു. "ഇംങ്ക്ലീഷ് പള്ളിക്കൂടത്തിലെ പടിത്ത മൊക്കെ കഴിച്ചതാ. ഇപ്പോൾ ഗൃഹഭരണമായി കഴി ഞ്ഞുകൂടുകയാണു്. പിന്നെ അവൻ അവിടത്തെ ഒരു സമാജം സെക്രട്ടറികൂടിയാണു്. പ്രസംഗിക്കാനും പറ യാനും ഒക്കെ നല്ല വാസന. ഇവിടെയങ്ങ നടക്കട്ടെ എന്നു ഞങ്ങൾ തീരുമാനിച്ചു."

'ചേരേണ്ടവർ എങ്ങനെയെങ്കിലും ചേരണമല്ലോ., രാധയുടെ അച്ഛന്ന് ആ വിവാഹം നടത്തണമെന്നു തോ ന്നിയിരിക്കണം. വൃദ്ധൻ ഒരു സംസാരപ്രിയനാണു്.

"ഇക്കാലത്തൊക്കെ പെണ്ണും ചെറുക്കനുംകൂടി നേര ത്തേ കണ്ടു സംസാരിക്കുന്നതാണു് പരിഷ്ക്കാരം. നമ്മു ടെയൊക്കെ കുഡുംബത്തിൽ ആ വേണ്ടാതീനം നമ്മുടെ കാലം കഴിഞ്ഞിട്ടുമതി."

"ങാ! അതിൽ തെററില്ല." രാധയുടെ അച്ഛന്റെ ആ മറുപടി ഏതിനെ ഉദ്ദേശിച്ചാണെന്നുള്ളതു് ആരും ആരും ആലോചിച്ചില്ല.

"വിവാഹമൊക്കെ ഈശ്വരനിശ്ചയമാ."

വൃദ്ധൻ വിട്ടില്ല.

"കുഞ്ഞിന്റെ പേരു്.?"

"രാധ."

"അവരുതമ്മിൽ ചേരും."

"രാധയും ഗോവിന്ദനും."

അമ്മയുടെ സമീപംനിന്ന രാധയുടെ കണ്ണുകൾ വികസിച്ചു. ആ വൃദ്ധനോട് ഒരു "വൺസ് മോർ" (once more) പറയണമെന്നവൾക്കുതോന്നി. അയാൾ എന്തോ പറഞ്ഞു. എന്താണെന്ന് അവൾക്കറിയാൻ കഴിഞ്ഞില്ല.

"കുഞ്ഞേ നീ പോയി ആ സാരിയൊന്നു മാറ്—അവർക്കു കാണണമെന്നു പറഞ്ഞാലോ. ഓണത്തിനു വാങ്ങിയ ആ വട്ടപ്പുള്ളിയുള്ള സാരിയുടുക്ക്" അമ്മ മകളുടെ സൗന്ദര്യം വർദ്ധിപ്പിക്കുവാൻ നോക്കി.

"എവിടെ—ഇവിടെങ്ങുമില്ലേ— ഒന്നു വിളിക്കാമായിരുന്നല്ലോ" വൃദ്ധൻ ചെറുപ്പകാലത്തേക്കാൾ ഭയങ്കരൻ. അയാൾക്കു പെണ്ണിനെ ഒന്നു കാണണം.

"അങ്ങോട്ടൊന്നു നീങ്ങിനില്ലെടീ" അമ്മ വാക്കുകൾ കൊണ്ടു മകളെ ഉന്തിനീക്കി.

"പിന്നെ— എന്നിക്കു വയ്യ" രാധ എതിർത്തു. പകതി മനസ്സോടെ.

"കുഞ്ഞേ ഈ കോളാമ്പി കൊണ്ടുവിടെ വയ്ക്കൂ" രാധയുടെ അമ്മ ആ പറഞ്ഞതു് എല്ലാവരും കേട്ടു.

രാധ കോളാമ്പി എടുത്തു അതിഥികളുടെ മുമ്പിൽ വച്ചിട്ടു് വേഗം നടന്നുപോന്നു. വൃദ്ധനും കൂട്ടരും കണ്ണുകൾ കൊണ്ടൊന്നു വീശി.

പിന്നെയും അവർ കുറെ സംസാരിച്ചു.

*　　*　　*　　*

ഊണും കഴിഞ്ഞു് യാത്ര പറയാറായപ്പോൾ വൃദ്ധന് ഒരു കൂട്ടം കൂടി വേണം.

"ഫോട്ടോ ഉണ്ടെങ്കിൽ ഒന്നു കൊണ്ടുപോകാനാ. അവൻെറ അമ്മയ്ക്കൊന്നു കാണാൻ."

രാധയുടെ അച്ഛൻ ഒരു ഫോട്ടോ എടുത്തുകൊടുത്തു. അവൾ പഠിച്ചിരുന്നപ്പോൾ കുട്ടികളെല്ലാരുമൊത്തു മിച്ചെടുത്ത ആ ഫോട്ടോ.

"അപ്പോൾ അങ്ങോട്ടെപ്പോൾ വരും?"

"അടുത്തയാഴ്ച"

"ശരി"

അവരെല്ലാം യാത്രപറഞ്ഞു പിരിഞ്ഞു.

*　　*　　*　　*

രാധയ്ക്കു വലിയ വിഷമമായി. "ഗോവിന്ദൻ"—വൃദ്ധൻ പറഞ്ഞ ആ പേരു്. അദ്ദേഹമായിരിക്കുമോ? അതൊ വേറെ വല്ലവരുമാണോ—അവൾ കുഴഞ്ഞു. ആ നാട്ടിൽ വേറെ ഗോവിന്ദന്മാർ ഉണ്ടാകരുതേ എന്നവൾ പ്രാർത്ഥിച്ചു. ചിന്തകളാൽ ദുർബ്ബലമായ ഹൃദയവുമായി അന്നുറങ്ങിയപ്പോൾ അവളൊരു സ്വപ്നം കണ്ടു.

* * * *

അവളും ഗോവിന്ദനും കൂടി ഒരു ഊടുപാതയിൽ കൂടെ നടന്നുപോയി. കുറെ ദൂരം ചെന്നപ്പോൾ നോക്കുന്നിടത്തെല്ലാം വെള്ളിനാണയങ്ങൾ—അവർ അതുവാരിയെടുത്തു. ആ പാത അവസാനിച്ച സ്ഥലത്തു് വിസ്താരമേറിയ ഒരു കുളം. അസ്തമനാകാശം പോലെ അതിൽ താമര പൂത്തുനിന്നു. പൂക്കൾ പറിക്കാനായി ഇറങ്ങിയ അവൾ അകന്നകന്നു് കുളത്തിന്റെ ആഴമേറിയ ഭാഗത്തു് ചെന്നുചേന്നു. അവൾ ഉച്ചത്തിൽ ഗോവിന്ദനെ വിളിച്ചു.

ഗോവിന്ദൻ നാണയത്തുട്ടുകൾ ഓരോന്നായി കുളത്തിലേയ്ക്കെറിഞ്ഞുകൊണ്ടു പാടി;—

"സമയമായില്ല രാധേ, സമയമായില്ലരാധേ,
സമയമായില്ലെനിക്കുവരുവാൻ രാധേ!

ആ പാട്ടുകേട്ടപ്പോൾ അവൾ കരയിലോട്ടു അടുത്തു.

അവർ രണ്ടാളും കൈകോർത്തു പിടിച്ചുനടന്നു. ഗോവിന്ദൻ അവളെകിക്കിളിയിട്ടു. മധുവുണ്ടു മതിമറന്നമധുകരത്തെപ്പോലെ അവരം ആനന്ദമത്തയായി. മടിശ്ശീലയിൽ നിന്നും വെള്ളിരൂപകുടഞ്ഞിടുന്നപോലെഅവരം പൊട്ടിച്ചിരിച്ചു

അതോടുകൂടി അറിയാതെ ഉണൎന്നുപോയി.

* * * *

ഉറക്കമെണീററ രാധയുടെ നെടുവീർപ്പ് അലക്ഷ്യമായിക്കിടന്ന അളകങ്ങളെ ആട്ടിപ്പായിച്ചു. അതു്കാണുവാൻ മെത്തയിലമർന്ന കുചങ്ങൾ തലപൊക്കി.

അവരം ആ സ്വപ്നം ആവർത്തിച്ചാവർത്തിച്ചു ചിന്തിച്ചു. ആ ചിന്തകൾ അവളെ നാകസൗഖ്യത്തിൽ ഊഞ്ഞാലാട്ടി.

അവളുടെ വരൻ ഗോവിന്ദൻതന്നെയാണെന്നു് ഒരു അശരീരി രാധയ്ക്കു് എപ്പോഴും ഹൃദയത്തിലുണ്ടായി. മറിച്ചു് യാതൊന്നും ചിന്തിക്കുവാൻ അവളുടെ ഹൃദയം ഒരുമ്പെട്ടില്ല.

* * * * *

അടുക്കിവച്ചിരിക്കുന്ന കല്ലുകളുടെ ഇടയിലുള്ള ചെറിയ സുഷിരങ്ങളിൽകൂടി വലിഞ്ഞിഴഞ്ഞിറങ്ങുന്ന പാമ്പിനെപ്പോലെ രണ്ടുമൂന്നുദിവസങ്ങൾ പോയി.

പറഞ്ഞപ്രകാരം രാധയുടെ അച്ഛനും വേണ്ടപ്പെട്ട വരായ മററു മൂന്നു ആളുകളും വരഗൃഹത്തിലേയ്ക്കുതിരിച്ചു.

അവർ സന്ധ്യയ്ക്കാണ് തിരിച്ചെത്തിയതു്. അവളുടെ അച്ഛൻ പറഞ്ഞു, "ഇടവം 10-ാംതീയതിയെന്നു തീർച്ചപ്പെടുത്തി." രാധയുടെ ജിജ്ഞാസയാകുന്ന നീർക്കോലി തലപൊക്കി. അല്ലാപകലുമില്ലാത്ത ശാന്തമാം വേളപോലെ അവളുടെ ഹൃദയം ശൂന്യതയുടെ തുമ്പിൽ തൂങ്ങിനിന്നു.

"ചെറുക്കനെ എനിക്കു പിടിച്ചു."

അച്ഛൻ രാധയുടെ നേരെ തിരിഞ്ഞുകൊണ്ടു പറഞ്ഞു.

"നീ അറിയുമല്ലോ. നിങ്ങൾ ഒരുമിച്ചു പഠിച്ചിട്ടുണ്ടെന്നു് ആ ഫോട്ടോ കണ്ടപ്പോൾ ആ കൊച്ചൻ പറഞ്ഞു."

'ഗോവിന്ദൻ- ഓർത്തുനോക്കൂ.'

സന്തോഷംകൊണ്ടു രാധ മരിച്ചില്ല.

അവൾ അവിടെനിന്നും ഓടിപ്പോയി അകത്തെ മുറിയിലെ കസേരയിൽ ഇരുന്നു. 'വലംകാലിടത്തുതുടക്കാമ്പിൽ കയററിവച്ചു,കൊണ്ടു പാടി.

(അധികം ഒച്ചയിടാതെ)

"സമയമായില്ലപോലും സമയമായില്ലപോലും
ക്ഷമയെൻെറ ഹൃദയത്തിലൊഴിഞ്ഞു തോഴീ."

# നഴ്സ്

KOTTAYAM PUBLIC LIBRARY
KOTTAYAM

"എന്നെങ്ങനെ ഇരിക്കുന്നു"

"വളരെ ആശ്വാസമുണ്ടു്"

"സാരമില്ല" ചക്ക പഴുത്തോ എന്നു നോക്കുന്നതു പോലെ എന്റെ വയററിൽ അങ്ങുമിങ്ങും കുത്തിനോക്കിക്കൊണ്ടു് ആ നേഴ്സു പറഞ്ഞു.

"ഒരിക്കലും ചരിഞ്ഞുകിടക്കരുതു്" അവൾ അടുത്തുള്ള വേറൊരു രോഗിയുടെ അരികിലേയ്ക്കു പോയി.

എട്ടു ദിവസങ്ങളായി ഞാൻ ആസ്പത്രിയിൽ കിടപ്പു തുടങ്ങിയിട്ടു്. ഒരു വയറുവേദന. അതെന്നെ അടിപ്പെടുത്തിക്കളഞ്ഞു. ആശുപത്രിയിൽ പോയി കിടക്കുക എനിക്കു് ഏററവും അനിഷ്ടകരമായ ഒന്നാണു്. അവിടെ കിടന്നാൽ രോഗം ഉണ്ടാകുമെന്നല്ല, ഒരു ഭയം. മരുന്നുകളുടെ മണം എനിക്കു് തീജ്ജ്വാല മൂക്കിൽ കയറുന്നതു പോലെയാണു്. മരണസദൃശരായിക്കിടക്കുന്ന രോഗികളെക്കണ്ടാൽ അന്നു ഞാൻ ഊണുപോലും കഴിക്കുകയില്ല. പഴുപ്പും രക്തവും കലർന്ന തുണിക്കഷണങ്ങളും പഞ്ഞിയും കണ്ടാൽ ഞാൻ അന്നുമുഴുവൻ കാർക്കിച്ചുതുപ്പും. ഞാനിപ്പോഴും ഓർക്കുന്നു–ഒരിക്കൽ എന്റെ ഒരു സ്നേ

ഷിതൻെറ കാലിലെ വ്രണം കീറുന്നതിനു ഡാക്ടർ വന്ന പ്പോൾ ഞാനടുത്തു നിൽക്കേണ്ടിവന്ന കഥ. അയാളുടെ വലത്തുകാലിൻെറ മുട്ടിനു മുകളിൽ ഒരു വൃണം. പഴുത്ത ഒരു മാതളങ്ങ പോലെ അതു പൊങ്ങിനിന്നു. ഒരു നൂ റാളുകളെ ഒരേ സമയത്തു കൊല്ലുവാനുള്ള ആയുധങ്ങളു മായി ഡാക്ടർ വന്നു. മിന്നുങ്ങുന്ന കത്തികളും കത്രിക കളും അയാൾ മേശപ്പുറത്തു നിരത്തിവച്ചു. ചൂടുവെള്ള ത്തിൽ മുക്കിയ പഞ്ഞികൊണ്ടു് ആ വ്രണത്തെ തലോടി. അതിൽ 'ഐഡിൻ' ആകെ പുരട്ടി. കീറാനുള്ള കത്തി എടുക്കുവാൻ മേശപ്പുറത്തോട്ടു കൈ നീട്ടിയപ്പോൾ എ ൻെറ സ്നേഹിതൻ കരയാൻ തുടങ്ങി. ഇതെല്ലാം കണ്ടാൽ ഭയപ്പെട്ടു താഴെ വീഴുന്ന എന്നോടു ഡാക്ടർ പറഞ്ഞു "കൈകൾ പിടിച്ചുകൊള്ളാൻ"

ഞാൻ എൻെറ സ്നേഹിതൻെറ കൈകൾ രണ്ടും ചേർത്തു പിടിച്ചു. ആ വ്രണത്തിൽ ഡാക്ടറുടെ കത്തി യുടെ അഗ്രം സ്പർശിക്കുവാൻ ഒരു നെല്ലിട ഇട ഉള്ള പ്പോൾ ഞാൻ മുഖം തിരിച്ചുകളഞ്ഞു. ആ——— ഊ ഊ ഊ——— ഹ ഹ ഹ ഹ——— എൻെറ സ്നേ ഹിതൻ കിടന്നു പിടച്ചു. കൊട്ടാപിരി കൊണ്ടു. ഡാ ക്ടർ തള്ളവിരലുകൾ രണ്ടുംകൊണ്ടു് ശക്തിയായി അമ ർത്തുന്നുണ്ടെന്നു എനിക്കു തോന്നി. ഞാൻ കുറച്ചുനേരം കഴിഞ്ഞു നോക്കിയപ്പോൾ കൊഴുപ്പു കലന്ന കാളയിറച്ചി അരിഞ്ഞുകൂട്ടിയതുപോലെ കിടക്കുന്നു, പഴുപ്പും രക്തവും

കലർന്ന പഞ്ചതിക്കഷണങ്ങളുടെ ഒരു കുന്ന്. അന്നു ഞാൻ ആറു പ്രാവശ്യം ഛർദ്ദിച്ചു. വീണ്ടും അറപ്പു തോന്നുകയാൽ അണ്ണാക്കിൽ കയ്യിട്ടു പിന്നെയും ഛർദ്ദിച്ചു. അതിൽ പിന്നീട് വ്രണങ്ങൾ കീറുന്ന ഡാക്ടർമാരുടെ ഡിസ്പെൻസറിയുടെ അടുത്തുകൂടി പോകുവാനും എനിക്കു ഭയമായിരുന്നു.

ഒക്കെയാണെങ്കിലും വയററിൽ വേദന വന്നപ്പോൾ ഞാൻ ആശുപത്രിയിൽ പോകേണ്ടതായി വന്നു. എന്റെ ഭയമെല്ലാം വേദന വിഴുങ്ങിക്കളഞ്ഞു. പല രോഗികളുടെ ഇടയിൽ ഞാനും കിടന്നു.

ആദ്യത്തെദിവസം എനിക്കു വലിയഭയമായിരുന്നു. മരണത്തോടു മല്ലിട്ടു തളരുന്ന ജീവിതങ്ങളുടെ ഏങ്ങലുകളും ഞരങ്ങലുകളും ആ മുറിയ്ക്കുള്ളിൽ അലതല്ലി. മരണത്തിൻെറ പരമാധികാരത്തിൻകീഴിൽ അവിടം ഭയപ്പെട്ടു വിറച്ചു.

എൻെറ വലതുവശത്തു കിടന്നിരുന്ന രോഗി നിരാശ്രയനായ ഒരു പടുകിഴവനാണ്. അപായകരമായി കിടന്ന അയാളെ ഒന്നു കാണുവാൻ ആരും വന്നു ഞാൻ കണ്ടില്ല. നിത്യവും വൈകുന്നേരം അഞ്ചു മണി കഴിഞ്ഞാൽ മററുള്ള എല്ലാ രോഗികളേയും കാണുവാൻ അവരുടെ ബന്ധുക്കളും സ്നേഹിതന്മാരും അതിനുള്ളിൽ വരും.

ഓരോരുത്തരും അവരുടെ ആളുകൾക്ക് പഴവും, മധുരനാരങ്ങയും, മുസമ്പിയും ആവശ്യമില്ലെങ്കിലും കൊണ്ടുവന്നുകൊടുക്കും. ആ വൃദ്ധന്റെ അടുത്ത് ആരും പോകുകയില്ല-ഒന്നും കൊടുക്കുകയുമില്ല. ആശുപത്രിയിലെ ജോലിക്കാർപോലും അയാളെ തിരിഞ്ഞു നോക്കുകയില്ല. ഡാക്ടർമാർ വല്ലപ്പോഴുമൊക്കെ വരും-എന്തൊക്കെയോ ചെയ്യും. പോകും-അത്രമാത്രം. ചുവന്ന പുതപ്പിന്റെ ഇടയിൽക്കൂടി ചിലപ്പോൾ അയാൾ മെലിഞ്ഞുനേർത്ത കാലുകൾ പൊക്കിപ്പിടിച്ചു കിടന്നു കരയും-പശുക്കിടാവു കാറുന്നത്തുപോലെ. ചിലപ്പോൾ ഭ്രാന്തനെപ്പോലെ അയാൾ ചാടി എഴുന്നേൽക്കും. മുകളിലോട്ടു നോക്കി എന്തൊക്കെയോ പറയും. പെട്ടെന്ന് ശക്തിയേറിയ അടി കൊണ്ടിട്ടെന്നപോലെ "അയ്ഓ" എന്നു നിലവിളിക്കും. അപ്പോൾ അയാളുടെ വായിൽ നിന്നും വെളുത്ത ഒരുമാതിരി പത കവിളുകളിൽക്കൂടി ഒഴുകും. ഓടിവന്ന പട്ടിയെപ്പോലെ അയാൾ കിതച്ചു നാക്കു നീട്ടും. വീണ്ടും കിടക്കും. അയാളുടെ നിലവിളി ആരെയും ഭയപ്പെടുത്തുന്ന ഒന്നായിരുന്നു. ഒരുദിവസം അയാൾ അനങ്ങിയതേയില്ല. എല്ലാവരും വിചാരിച്ചു പാവം മരിച്ചെന്ന്. ഒന്നു രണ്ടു ഡാക്ടർമാർ ഓടിവന്നു. അപ്പോൾ അയാൾ ചാടി എഴുന്നേറ്റു. വ്യവസായശാലയിലെ കുഴൽവിളിപോലെ ദീർഘമായി ഒന്നു നിലവിളിച്ചു. അതു കേട്ടപ്പോൾ ഭയം കൊണ്ട് എന്റെ കണ്ണടഞ്ഞുപോയി. രാത്രികാലങ്ങ

ളിൽ ആ രോഗിയുടെ അടുത്തു് യമകിങ്കരന്മാർ വരുന്നുണ്ടെന്നു് എനിക്കു തോന്നി. തന്മൂലം അപൂർവമായിട്ടേ ഞാൻ കണ്ണു തുറന്നിരുന്നുള്ളൂ.

ഒരു സുന്ദരനായ രോഗിയായിരുന്നു ഞാൻ. വയററിൽ വേദനമാത്രം. ശരീരത്തിനു വാട്ടമില്ല. മുടി പററെ വെട്ടുകയോ വടിക്കുകയോ ചെയ്തിട്ടില്ല. രോമം വളർന്നു മുഖം കറുത്തിട്ടില്ല. കാണുവാൻ വരുന്ന സ്നേഹിതന്മാർ പറയും "ഒരു സുഖക്കേടുമില്ല-എന്തിനാ കിടക്കുന്നതു്" എന്നു്. എന്നിരുന്നാലും എനിക്കു് ആശുപത്രി വേഷമണിഞ്ഞു് കിടക്കുക അസഹ്യമായിരുന്നു. ചുട്ടിയും വരയും പുള്ളിയുമിടുമ്പോൾ മനുഷ്യൻ കടുവായായി കളിക്കുന്നതുപോലെ ആ വേഷം ഇട്ടപ്പോൾ എനിക്കും രോഗിയായി കിടക്കേണ്ടിവന്നു.

ഞാനപ്പോൾ വിചാരിച്ചു, ഈ നിസ്സാരവും നിരുപദ്രവകരവുമായ സുഖക്കേടുള്ളവരെ മഹാരോഗികളുടെ ഇടയിൽനിന്നും മാററി മനോഹരമായ വേറൊരു കെട്ടിടത്തിൽ പ്രത്യേകം കിടത്താൻ ഗവൺമെൻറ എന്തുകൊണ്ടു് ആലോചിക്കുന്നില്ലാ എന്നെല്ലാം.

അങ്ങനെ കിടക്കുമ്പോളാണു് ആ നഴ്സ് എൻെറ അടുത്തുവന്നതു്. എൻെറനാക്കിനടിയിൽ തെമ്മോമീററർ വച്ചിട്ടു് ഏതാനും നിമിഷങ്ങൾ നിന്നപ്പോൾ ഞാൻ അവളെ ആവേശത്തോടുകൂടി അനുവീക്ഷിച്ചു. ആ വേഷം അ

വരംക്കുനല്ലചേച്ച്. കൊഴുത്തു ദൃഢതയുള്ള അംഗങ്ങളുടെ അളവിനു് അനുയോജ്യമായവിധത്തിൽ തുന്നിയ ആ വെള്ള ഉടുപ്പും, തലയിൽ ഒരുവെള്ളത്താമര വിരിഞ്ഞതുപോലിരിക്കുന്ന തൊപ്പിയും അവരംക്കവളരെഅഴകുകൂട്ടുന്നുണ്ടു്.

അവരം എന്റെ അടുത്തുനിന്നും പോയതു് ആ പാവപ്പെട്ട രോഗിയുടെ അടുത്തേയ്ക്കാണു്. അയാളുടെ രോഗവിവരങ്ങരം കുറിച്ചിരുന്ന കടലാസ്സുകളെല്ലാം അവരംനോക്കി. പച്ചനിറമുള്ള ഒരു മരുന്നു് അവരം നിശ്ചലയായിക്കിടന്ന ആ രോഗിയുടെ വായിലൊഴിച്ചു.

കിട്ടിയതും കയ്യിലുള്ളതും സ്നേഹിക്കുന്നവർക്കു്—ഉപകാരം ചെയ്യുവർക്കു്—സന്മനസ്സോടുകൂടി ദാനംചെയ്യുന്നതുപോലെ അയാരം ആ മരുന്നും അയാളുടെ ഉള്ളിൽ അവശേഷിച്ചിരുന്നതും എല്ലാം ആ നേഴ്സിന്റെനേരെഛർദ്ദിച്ചു. അവളുടെ സുന്ദരമായ കൈത്തണ്ടിലും ഉടുപ്പിന്റെ ചില ഭാഗങ്ങളിലും ആ മഹാരോഗി ഛർദ്ദിച്ചു, പ്രാകൃതനിറം കലർന്ന വെള്ളംപുരണ്ടു. അവരം ഒരു തുണിക്കഷണംകൊണ്ടു് അയാളുടെമുഖം ഒപ്പി. അയാളെ നേരെകിടത്തി പുതപ്പു് ശരിയായി വലിച്ചിട്ടിട്ടു് അവിടെനിന്നും പോയി.

അവരംക്കു് ഒരു അറപ്പും ഇല്ലല്ലോ. ഞാൻ അതു കണ്ടപ്പോരംതന്നെ ഓക്കാനിച്ചുപോയി. സ്വല്പംമുക്കിളയുണ്ടെങ്കിൽ വീട്ടിലെഓമനപ്പിള്ളേരെപ്പോലും എടുക്കാൻ

മടിക്കുന്നവനാണ് ഞാൻ. എന്നിട്ട് ഈ സുന്ദരിയായ സ്ത്രീയുടെ സേവനസന്നദ്ധത കണ്ടില്ലേ!

ഞാനന്ന് അധികനേരം ചിന്തിച്ചു. ഒരു നേഴ്സിന്റെ ജീവിതം എത്ര അഭികാമ്യമാണ്. എത്രമാത്രം മഹനീയമായസേവനമാണ് അവരംചെയ്യുന്നതു്. ഇതിൽപ്പരം ലോകോത്തരമായ മനുഷ്യസേവനം മറെറന്താണുള്ളതു്? ജാതിമതഭേദംകൂടാതെ, ആൺപെൺ ഭേദമില്ലാതെ, ധനികദരിദ്രവ്യത്യാസം ഇല്ലാതെ, രോഗങ്ങളുടെ കൂടുതൽ കുറവുകഠം കണക്കാക്കാതെഅവരം എല്ലാവരേയും ശുശ്രൂഷിക്കുന്നു. മനുഷ്യരെ പരസ്പരം അകററുന്ന രോഗത്തേയും മനുഷ്യർ കണ്ടാൽ അറയ്ക്കുകയും വെറുക്കുകയും ചെയ്യുന്ന രോഗികളേയും ഈ നേഴ്സ് അവളുടെ ആലോലമായ കൈത്താരുകൊണ്ടു് ശുശ്രൂഷിക്കുന്നു. ഈശ്വരാംഇവളാണ് ഈശ്വരൻ നിർദ്ദേശിച്ചിട്ടുള്ള വഴിയേ ജീവിക്കുന്ന ഏക മനുഷ്യജീവി. നേഴ്സിൻെറപേരിൽ പല അപവാദങ്ങളും പറയുന്നുണ്ടു്. അവളുടെ ജീവിതം മലിനമാണെന്ന് വിവേകമില്ലാത്ത മനുഷ്യർ ഉത്ഘോഷിക്കുന്നു. അവളുടെ വിടാരാധനത്തെ ആളുകഠം പറഞ്ഞു് പ്രചരിപ്പിക്കുന്നു. അവരം ഒരുപക്ഷേ അങ്ങനെയൊക്കെ ആണെങ്കിൽതന്നെ എന്തു്? ഏതു മഹാപാപത്തേയും ദുസ്വഭാവത്തേയും നിർമ്മാർജ്ജനംചെയ്യുന്ന ഒരു പുണ്യ പ്രവർത്തിയല്ലേ അവരം ചെയ്യുന്നതു്.

കാശിനുവേണ്ടി ശരീരംകാണിക്കവെച്ച്, കാണുന്നവരെയെല്ലാം കാമുകന്മാരായി ആരാധിച്ച്, ചെററപ്പുരയെ കൊട്ടാരമാക്കി രൂപാന്തരപ്പെടുത്തി, ഒടുവിൽ പാപഭാരം താങ്ങാൻ വയ്യാതായപ്പോൾ മോക്ഷത്തോടുള്ള മോഹം കൊണ്ട് പാതിരാത്രി സമയത്തു് ഓടിച്ചെന്ന്, ക്രിസ്തുഭഗവാൻെറ പാവന പാദാരവിന്ദങ്ങളിൽ രണ്ടുതുള്ളി കണ്ണുനീർവീഴ്ത്തി കുററം ഏററുപറഞ്ഞ "മഗ്ദലനമറിയ"ത്തെക്കാൾ പുണ്യവതി ഒരു നേഴ്സുതന്നെയാണ്—സംശയമില്ല. ഈശ്വരനെ പ്രീതിപ്പെടുത്താനായി പ്രാർത്ഥിച്ചു സമയംകളയാതെ—നേഴ്സ് സ്വന്തം സഹജീവികളെ—ഈശ്വരസൃഷ്ടികളെ സംരക്ഷിച്ച്—അവർക്ക് ജീവിതം നൽകി—അവരെ രക്ഷിക്കുന്നു. മനുഷ്യർ വെറുക്കുന്ന—അടുപ്പിക്കാത്ത-മനുഷ്യനെ അവൾ സ്നേഹിക്കുന്നു—മനുഷ്യനാക്കിമാററുന്നു. അതാണ് ഈശ്വരന് ഇഷ്ടമുള്ള ഏററവും വലിയ പ്രാർത്ഥന—പ്രവൃത്തി.

എനിക്ക് ആ നേഴ്സിനോട് വലിയ സ്നേഹംതോന്നി. അവളുടെ സൌന്ദര്യത്തെയോ, അംഗലാവണ്യത്തെയോ, താരുണ്യത്തേയോ പൂജിച്ചാരാധിക്കുവാനല്ല. പരിശുദ്ധമായ ഒരു സ്നേഹം-സഹോദരനിർവിശേഷമായ ഒരു സ്നേഹം.

അടുത്തതവണ വരുമ്പോൾ അവളോട് ഒന്നുസംസാരിക്കണം എന്ന് ഞാനുറച്ചു.

പിറേറദിവസം അവരം വന്നു. എൻെറപ്പനിനോക്കി—വയറമർത്തിനോക്കി. അവരം പറഞ്ഞു "നിങ്ങളുടെസുഖക്കേടുമാറി"

എനിക്കും അതുതോന്നി.

ഞാൻ ചോദിച്ചു "ആ കിടക്കുന്ന കിഴവന്ന് എന്താണു സുഖക്കേട്?—അയാരം ഇന്നലെ കുടിച്ച മരുന്നു മുഴുവനും നിങ്ങളുടെ കയ്യിൽ ഛർദ്ദിച്ചതു കണ്ടല്ലോ"

"അയാരംക്ക് വളരെ ക്രൂരതലാണ്—പാവം-ആരും തുണയില്ലാത്ത കിഴവൻ" അവരം പറഞ്ഞു.—

"അപ്പോരം എനിക്ക് സഹോദരിയോട്ട് ഒരുകാര്യം ചോദിച്ചാൽകൊള്ളാമെന്നുണ്ട്"

"ചോദിക്കാമല്ലോ" അവരം ചിരിച്ചുകൊണ്ട് സമ്മതം നൽകി.

"നിങ്ങളെന്തിനാണ് ഈ ദുരിതം പിടിച്ച ജോലിയ്ക്കു വന്നതു്?"

"ഇതു ദുരിതം പിടിച്ചതല്ല—വളരെ നല്ലതാണ്"

"കഷ്ടപ്പാടുള്ളതല്ലേ"

"എന്നെപ്പോലുള്ളവർക്ക് ഉത്തമമായ ജോലി ഇതു തന്നെയാണു്" അവളുടെ ആ മറുപടി ഗഹനമായിരുന്നു

ഞാൻ അടുത്തചോദ്യത്തിനുതയ്യാറെടുത്തു പത്രുക്കൊ ഒന്നുചുമച്ചു. സ്വല്പം കഫം മിഴുങ്ങി.

"സഹോദരിയുടെ വീടെവിടെയാണു?"

ആ ചോദ്യം കേട്ടപ്പോൾ അവൾ എന്നെഒന്നു നോക്കി. ശോകാവൃതമായ കണ്ണുകളോടുകൂടി. അവളുടെ മുഖം മൂവന്തിപോലെ മങ്ങിയെന്നെനിക്കുതോന്നി.

"രണ്ടായിരം മൈൽദൂരെ"

"വീട്ടുകാരാരുമില്ലേ?"

"ഉണ്ടു്"

"സഹോദരിയുടെ വി...വാഹം......"

"കഴിഞ്ഞു"

"എന്നിട്ടു് ഭർത്താവു് ഈ ജോലിയ്ക്കുപോകാൻ അനുവദിച്ചോ?"

"എൻെറ വിവാഹം കഴിഞ്ഞെങ്കിലും ഭർത്താവില്ല"

“മരിച്ചോ?,,

“ഇല്ല,,

“പിന്നെ?”

“അദ്ദേഹം അദ്ദേഹത്തിൻെറ ഭാര്യയും കുട്ടികളുമായി ജീവിക്കുന്നു.,,

എനിക്കൊന്നും മനസ്സിലായില്ല. എനിക്കുവന്ന വയററുവേദനയേക്കാൾ കട്ടുത്തു ഒരു മറുപടിയാണവൾ തന്നതെന്നുതോന്നി.

“അപ്പോൾ നിങ്ങൾ?”

“ഞാനദ്ദേഹത്തിൻെറ ഭാര്യയല്ല,,

അവരുടെ മറുപടി മനസ്സിലാക്കുക റഷ്യാക്കാരുടെ പേരുവായിക്കുന്നതുപോലെ പ്രയാസമുള്ളതായിഎനിക്കു തോന്നി.

“അപ്പോൾ നിങ്ങളുടെ വിവാഹം—എങ്ങനെ—എന്തിന്—നടന്നു?,,

“ഭാര്യാ ഭർത്താക്കന്മാരായി ജീവിക്കുവാനുള്ള ഒരു വിവാഹമല്ല നടന്നതു്,,

"അവരുടെ മറുപടി ഒരു മിസ്റ്റിക് കവിതപോലെ എത്തും പിടിയുമില്ലാതെ ആയിത്തീർന്നു.

"എനിക്കൊന്നും മനസ്സിലാകുന്നില്ല സഹോദരി— വിരോധമില്ലെങ്കിൽ ഒന്നു വിസ്തരിച്ചു പറയാമോ" ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിച്ചു.

മുഖം ചരിച്ച് അവർ ജനാലയിൽക്കൂടെ ദൂരെയെവിടെയോ സ്വല്പനേരം നോക്കിനിന്നു. നേർത്ത കാർമേഘശകലത്തിന്റെ ഇടയിൽക്കൂടികാണുന്ന നക്ഷത്രംപോലെ അവളുടെ അളകപാളികളുടെ ഇടയിൽ "കാതിപ്പൂ" തിളങ്ങി. മുന്തിരയുടെ നിറംകലന്ന ഒരു മുഖക്കുരുവുള്ള ആ കവിള് തുടിയ്ക്കുന്നതു് എനിക്കു കാണാമായിരുന്നു.

"പറഞ്ഞാലൊതുങ്ങാത്ത ഒരു കഥയാണതു്" അവളുടെ അധരങ്ങൾ അനങ്ങി. "ഞാനൊരു സഹോദരനല്ലേ? അറിയുന്നതിൽ അനൌചിത്യം ഇല്ലല്ലോ"

"ഇല്ല"

ആ "ഇല്ല"യിൽ അവളെന്റെ സ്വന്തം സഹോദരിയാണെന്നു് എനിക്കുതോന്നി.

ഒന്നു ദീർഘമായി നിശ്വസിച്ചിട്ടു് അവർ എന്നെ കാര്യം കേൾപ്പിക്കാൻ ഒരുങ്ങി.

"ഒരു പതിനഞ്ചു സ്ത്രീകളുമായി പ്രേമബന്ധത്തിൽ ഏർപ്പെട്ടു് സുഖിച്ചുകഴിഞ്ഞ ഒരു പുരുഷൻ പതിനാറാമത്തേതായ ഒരു പാവപ്പെട്ട പെണ്ണിന്റെ അടുത്തുചെല്ലുമ്പോൾ അവളോടുപറയും.

"എന്റെ ജീവിതത്തിൽ ഞാൻ ആദ്യമായിട്ടു് പ്രേമിക്കുന്നതു് നിന്നെമാത്രമാണെന്നു." അതു് കണ്ണുമടച്ചുവിശ്വസിക്കുന്ന പാവംപിടിച്ച പെണ്ണു് ജീവിതത്തിൽ പ്രേമിക്കുന്നതു് അതാദ്യമായിരിക്കും. പ്രേമലോകത്തിൽ സ്ത്രീയുടേയും പുരുഷന്റേയും ജീവിതം ഇപ്രകാരമാണു്.

ഒരു ഹോമിയോപ്പതി ഡോക്ടറാണദ്ദേഹം. എന്റെ വീട്ടിൽനിന്നും ഒരു വിളിപ്പാടു് അകലെയായിരുന്നു അദ്ദേഹത്തിന്റെ ഡിസ്പെൻസറി. ശാസ്താംകോട്ടക്കാരനായ ആ ഡാക്ടർ അവിടെ ഡിസ്പെൻസറി സ്ഥാപിച്ചിട്ടു് അഞ്ചാറുമാസങ്ങളേ ആയുള്ളു. ഡാക്ടർമാരില്ലാത്ത ഞങ്ങളുടെ നാട്ടിൽ ആദ്യമാദ്യം അദ്ദേഹം സകലരാലും ബഹുമാനിക്കപ്പെടുകയും പൂജിക്കപ്പെടുകയും ചെയ്തു.

ഞാനന്നു് തേഡ്ഫാറത്തിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. എനിക്കു് പള്ളിക്കൂടത്തിലേയ്ക്കു് പോകുവാനുള്ള വഴി ഡിസ്പെൻസറിയുടെ തെക്കേ അരികിൽക്കൂടെയാണു്. രാവിലെ ഞാൻ സ്കൂളിൽപോകുമ്പോൾ അദ്ദേഹം വരാന്തയിൽ ഉണ്ടായിരിക്കും. അദ്ദേഹം എന്നെ

നോക്കിയേക്കുമെന്നു ഭയന്നു് ഞാനങ്ങോട്ടു് നോക്കുകയില്ലായിരുന്നു. കണ്ണിനുമറയാറാകുന്ന ദൂരമെത്തുമ്പോൾ ഞാനൊന്നുതിരിഞ്ഞുനോക്കും. അപ്പോൾ അദ്ദേഹം എന്നെ നോക്കി നിശ്ചലനായി നില്ക്കുന്നതു് അവ്യക്തമായി ഞാൻ കാണും.

എന്തോ എനിക്കറിയുവാൻ കഴിഞ്ഞില്ല—ഞാൻ ക്ലാസ്സിൽ ഇരിക്കുമ്പോഴും വീട്ടിൽ വരുമ്പോഴും ഒക്കെ ആ ഡാക്ടരെ ഓർത്തു,

വൈകുന്നേരം പള്ളിക്കൂടത്തിൽനിന്നും മടങ്ങുമ്പോൾ അദ്ദേഹം രോഗികളുമായി അകത്തിരിക്കുകയായിരിക്കും പതിവ്, ആ ബോർഡ് എന്നും ഞാൻ വായിക്കും. നീലപ്പലകയിലെ വെളുത്ത അക്ഷരങ്ങൾ. അതു ഞാൻ മനഃപാഠമാക്കി.

ഹോമിയോപ്പതി വൈദ്യശാല-പറവൂർ ഡാക്ടർ എസ്സ്. വിജയൻ, സമയം രാവിലെ 9. 30-മുതൽ വൈകുന്നേരം 7. 30 വരെ;

ആ ബോർഡിനെക്കുറിച്ചുള്ള ഒരു ചോദ്യം പരീക്ഷയ്ക്കുണ്ടായിരുന്നെങ്കിൽ ഞാൻ നൂറിൽ നൂറുമാർക്കും വാങ്ങുമായിരുന്നു. ചിലപ്പോൾ ഞാൻ വിചാരിക്കും—ശ്ശെ! ഞാനെന്തുപോരായ്മയാണു കാണിക്കുന്നതു്. ഈ ഡാക്ടറെക്കുറിച്ചു് എപ്പോഴും ചിന്തിക്കുന്നതു് മോശ

മല്ലേ, അയാളെന്നെ അറിയുകപോലുമില്ല- ഇതു് കുറച്ചിലാണ്—എന്നെല്ലാം.

* * * * * *

ഒരുദിവസം എനിക്ക കലശലായ പനി ഉണ്ടായി. ശരീരം പൊള്ളുകയായിരുന്നു. വീട്ടിലുള്ളവർ പേടിച്ചുപോയി. അവർ ഓടിച്ചെന്നു് ഈ ഡാക്ടറെ വിളിച്ചുകൊണ്ടുവന്നു' നാലുദിവസങ്ങൾക്കശേഷം ഞാൻ സുഖം പ്രാപിച്ചു. അദ്ദേഹം അന്നുംവന്നെന്നെ പരിശോധിച്ചിട്ടു പറഞ്ഞു.

"എല്ലാം തീർന്നല്ലോ--ഇപ്പോൾ മിടുക്കിയായിപ്പോയി'

ഞാനൊന്നും മിണ്ടിയില്ല.

'മൂന്നുനാലു ദിവസംകൂടി മരുന്നു തുടരണം" എന്നു പറഞ്ഞു് അദ്ദേഹം പോയി. എൻെറ ജീവനെ അദ്ദേഹം രക്ഷിച്ചു. അദ്ദേഹം മരുന്നു തന്നില്ലായിരുന്നുവെങ്കിൽ ഞാൻ മരിച്ചുപോകുമായിരുന്നു എന്നെനിക്ക തോന്നി. അടുത്തൊരു ദിവസം അഞ്ചു രൂപാ എൻെറ കൈയിൽ തന്നുകൊണ്ടു് അച്ഛൻ പറഞ്ഞു "ഇതാ ഡാക്ടർക്ക കൊണ്ടുക്കൊട്- മരുന്നിൻെറ വില'

എനിക്ക വലിയ നാണമായിരുന്നു. പക്ഷെ അച്ഛൻെറ മുൻപിൽ അതു കാണിക്കുവാൻ പററിയില്ല.

ഞാൻ ഡിസ്പെൻസറിയിൽ കയറിച്ചെന്നു. അദ്ദേഹം കാലുകൾ മേശപ്പുറത്തു കയററിവച്ചു് ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. എലിയെ പിടിക്കാൻ ചെല്ലുന്ന പൂച്ചയെപ്പോലെ നിശ്ശബ്ദമായി ഞാൻ നടന്നു് മേശയ്ക്കു സമീപം നിന്നു. പുസ്തകം മറഞ്ഞിരുന്നതുകൊണ്ടു് എനിക്കു് ആ മുഖം കാണുവാൻ കഴിഞ്ഞില്ല. പെട്ടെന്നദ്ദേഹം വായിച്ചിരുന്ന പുറം മറിക്കുവാനായി പുസ്തകം സ്വല്പം താഴ്ത്തിയപ്പോൾ എന്നെ കണ്ടു.

"മീനാക്ഷിയോ!" അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു.

ക്ഷേത്രത്തിൽ ചെല്ലുന്ന താണ ജാതിക്കാർക്കു് ബ്രാഹ്മണശാന്തി ചന്ദനം നീട്ടുന്നതുപോലെ പുറകോട്ടു ബലം പിടിച്ചുകൊണ്ടു് ഞാൻ അഞ്ചുരൂപാ മുന്നോട്ടു നീട്ടി പറഞ്ഞു—

"അച്ഛൻ തന്നു—മരുന്നിൻെറ വില" അദ്ദേഹം എൻെറ കൈയ്ക്കു കടന്നുപിടിച്ചു. ഞാൻ മുന്നോട്ടാഞ്ഞുപോയി. വല്ലവരും കണ്ടോ എന്നു പരിഭ്രമിച്ചു ഞാൻ നാലുപാടും നോക്കി.

"എനിക്കു മരുന്നിനു വില വേണ്ട—പിന്നെ ... നാൽ മതി" അദ്ദേഹം പറഞ്ഞു.

"അച്ഛൻ ചോദിക്കും"

"ഡോക്ടർക്കു കൊടുത്തു എന്നു പറഞ്ഞോ"

നെഞ്ചിടിപ്പോടുകൂടി ഞാൻ അവിടെനിന്നും ഇറങ്ങി. രൂപാ കൊടുത്തെന്നു് അച്ഛനോടു പറഞ്ഞു.

അവധി ദിവസങ്ങളിലും നാലു മണി കഴിഞ്ഞു പള്ളിക്കൂടത്തിൽ നിന്നു വന്നതിനു ശേഷവും ഞാൻ ദിവസവും അദ്ദേഹത്തിൻെറ ഡിസ്പെൻസറിയിൽ പോകും. അവിടെ ഒരു മുറിയുടെ വാതിലിൽ എഴുതിയിട്ടുണ്ടു്—

"അനുവാദം കൂടാതെ അകത്തു് പ്രവേശിച്ചുകൂടാ" എന്നു്. ആ മുറിക്കുള്ളിലാണു് ഞാനും അദ്ദേഹവുംസംസാരിക്കുന്നതു്. ഒരു ദിവസം "പനിയുണ്ടോ എന്നുനോക്കട്ടെ" എന്നു പറഞ്ഞു് അദ്ദേഹം പതിനഞ്ചു് മിനിട്ടു് എൻെറ കൈയ്യും പിടിച്ചുകൊണ്ടിരുന്നു.

"ഇങ്ങനെയാണോ പനി നോക്കുന്നതു്?"

"മീനാക്ഷിയുടെ കൈകളിൽ പിടിച്ചാൽ ചന്ദനം പൂശിയ മേനിയിൽ മന്ദമാരുതൻ വീശുമ്പോളുണ്ടാകുന്ന ആസ്വാദ്യതയാണെനിക്കുണ്ടാകുന്നതു്.

ചിലപ്പോൾ അദ്ദേഹം പല്ലിമുട്ടപോലുള്ള ചില ഗുളികകൾ എനിക്കു തന്നിട്ടു പറയും—

"ഇതു സുഖക്കേടില്ലാത്തവർക്കു നല്ലതാണു്. ശരീരം നന്നാകും"

ഞാനതു തിന്നും.

ചിലപ്പോൾ അദ്ദേഹം എന്നോടു ചോദിക്കും— "മീനാക്ഷിക്കു് ഒരു നഴ്സായി ഇവിടെ നില്ക്കാമോ?"

"നിൽക്കാം" ഞാൻ പറയും.

"ശമ്പളം തരികയില്ല"

"വേണ്ട"

എന്നെ കളിയാക്കി രസിക്കുന്നതു് അദ്ദേഹത്തിനു വലിയ ഇഷ്ടമായിരുന്നു, ദിവസവും എന്നോടു ചോദിക്കും.

"അന്നത്തെ മരുന്നിൻെറ വില എവിടെ?"

"തരാമല്ലോ"

"എനിക്കുവേണ്ട"

"പിന്നെന്തിനാണു ചോദിക്കുന്നതു്" അങ്ങനെ എന്നോടു നിത്യവും ചോദിക്കുന്നതും എൻെറ മറുപടി കേൾക്കുന്നതും അദ്ദേഹത്തിനു് ഒരു വിനോദമായിരുന്നു.

ഞാനദ്ദേഹത്തെ പ്രേമിച്ചു. ആരാധിച്ചു. അദ്ദേ

ഹം. എന്നെ ആത്മതുല്യം സ്നേഹിക്കുന്നെന്നു് ആവർത്തിച്ചു. എന്നെ വിവാഹം ചെയ്താൽ അദ്ദേഹത്തിൻെറ ഭാഗ്യം തെളിയുമെന്നു് അദ്ദേഹം എന്നും പറഞ്ഞു. എന്തൊക്കെയാണു് അദ്ദേഹം സംസാരിക്കുന്നതെന്നു് ആലോചിക്കുവാൻ കൂടിവയ്യ. ഒരിക്കൽ ചോദിച്ചു.

"ഞാൻ മരിച്ചാൽ മീനാക്ഷി എൻെറ അടുത്തു വരുമോ?"

'വരും'

'നിശ്ചയമായും വരുമോ?'

"വരും."

"ഞാനാണാദ്യം മരിച്ചെങ്കിലോ?" ഞാൻ ചോദിച്ചു

"മീനാക്ഷി മരിക്കുകയില്ല." അദ്ദേഹം അതെങ്ങനെ പറഞ്ഞോ എന്തോ? ആർക്കും അറിയുവാൻ കഴിഞ്ഞില്ല ഞങ്ങളുടെ തീരുമാനങ്ങൾ—ജീവിതം.

അദ്ദേഹം എന്നെ ഹോമിയോപ്പതി ചികിത്സ പഠിപ്പിക്കുവാൻ തുടങ്ങി. പച്ചവെള്ളം പോലുള്ള മരുന്നുതുള്ളികൾ വെള്ളപ്പൊടിയിൽ ഒഴിച്ചു് കുഴച്ചു് ചെറിയ പൊതികളിലാക്കുവാൻ ഞാൻ പഠിച്ചു. ചില മരുന്നുകളുടെ പേരും അവ ഇരിക്കുന്ന സ്ഥലവും എനിക്കു കാ

ണാപാഠമായി. എൻെറ പഴയ നോട്ടുബുക്കുകളിലെ താളുകൾ എല്ലാം ഞാൻ പൊടി ചുരുട്ടുവാനുള്ള അളവിൽ വെട്ടിയെടുത്തു് അടുക്കിവച്ചു. പള്ളിക്കൂടത്തിലെ പഠനത്തേക്കാൾ കൂടുതൽ ശ്രദ്ധ ചെലുത്തി ആ ഡിസ്പെൻസറിയിൽ പഠിക്കുവാൻ ഞാനൊരുങ്ങി.

അക്കൊല്ലം ഞാൻ തോററുപോയി. അതദ്ദേഹത്തിനു വളരെ സങ്കടകരമായ ഒന്നായിരുന്നു. വീട്ടിലെ പണസംബന്ധമായ ഞെരുക്കംകൊണ്ടു് പഠനം തുടരേണ്ട എന്ന തീരുമാനം ഉണ്ടായി. തോററുപോയതിനു് ഞാൻ ഒരുപാടു വഴക്കു കേൾക്കുകയും ചെയ്തു.

അദ്ദേഹം പറഞ്ഞു— ഞാൻ പണം തരാം. നീ പഠിക്കു്.

എനിക്കതിഷ്ടമായില്ല. വീട്ടുകാർ അതറിയുന്നതു മോശമല്ലേ. അച്ഛരുടെ അനുവാദം ഇല്ലാതെ അങ്ങനെ ചെയ്യുവാൻ പാടില്ലെന്നു എനിക്കു തോന്നി.

പഠനം തുടരാത്തതിൽ എനിക്കു സങ്കടമില്ലായിരുന്നു. അദ്ദേഹവുമായുള്ള അടുപ്പം ഞാൻ എന്തിനെക്കാളും അഭികാമ്യവും അഭിമാനകരവുമായി കരുതി. ആ ചിന്തയിൽ മററുള്ള ന്യൂനതകൾ അകന്നുപോയി.

* * * * *

അന്നൊരു ശനിയാഴ്ചയായിരുന്നു. വൈകുന്നേരം നാലു മണിയായി. കാലവർഷം കൊണ്ടു പിടിച്ചിരുന്ന സമയം: ഞാറപ്പഴം പോലുള്ള മേഘങ്ങളെക്കൊണ്ട് ആ പ്രദേശം മുഴവനും ഇരുണ്ടു. ഞാനദ്ദേഹത്തിൻെറ ഡിസ്പെൻസറിയിൽ കയറിയ ഉടനെ മഴ തുടങ്ങി. തൻമൂലം വീട്ടിലോട്ടോടുവാൻ ഒത്തില്ല.

കാററിൻെറ ശക്തികൊണ്ട് വെള്ളമടിച്ച് അകത്തു കയറാൻ തുടങ്ങി. അദ്ദേഹം ജനാലുകളും വാതിലുകളും അടച്ചു. മുറി അന്ധകാരമായി.

പെട്ടെന്ന് ആരോ വാതിലിൽ മുട്ടുന്ന ശബ്ദം. അദ്ദേഹം കതകു തുറന്നു.

ഞങ്ങളുടെ വീട്ടിനടുത്തുള്ള ഒരു ചെറുപ്പക്കാരൻ—അയാളെ എല്ലാവരും അറിയും—ഒരു ചട്ടമ്പിക്കുട്ടിയാണു് വാതിൽക്കൽ നിൽക്കുന്നു.

ഞാൻ വീട്ടിലോട്ട് ഒരോട്ടം കൊടുത്തു.

*            *            *            *            *

ആ സ്ഥലത്തുള്ള ആളുകൾ എല്ലാം അറിഞ്ഞു ഞാൻ തനിച്ച് ഡാക്ടരുടെ ഡിസ്പെൻസറിയിൽ നിന്ന കാര്യം. ആ മനുഷ്യൻ പൊടിപ്പും തൊങ്ങലും വച്ചു അതു പറഞ്ഞു പ്രചരിപ്പിച്ചു. അഭിമാനമെന്നു ഞാൻ

കരുതിയതു് അപമാനമായി മാറി. കാണുന്നവരെല്ലാം എന്നെ നോക്കി ചിരിച്ചിരുത്തു. ഡിസ്പെൻസറിയുടെ ഭിത്തിയിൽ കുട്ടികൾ കരികൊണ്ടു് വലിയ അക്ഷരത്തിൽ എൻെറ പേരെഴുതി അശ്ലീലഭാഷയിൽ.

എനിക്കു വീട്ടിലും പൊറുതിയില്ലാതെയായി.

ഇതു നേരാണോ?

അച്ഛൻ എൻെറ നേരെ കണ്ണുരുട്ടി. എന്നെ കണക്കിലധികം തല്ലി. ആ അടികൾ എന്നെ വേദനിപ്പിച്ചില്ല. ആളുകളുടെ അപവാദവർഷങ്ങളിൽ ഞാൻ അപമാനമാന്നില്ല. അദ്ദേഹം എൻെറ സ്വന്തമല്ലേ? അതു ഞങ്ങൾ നിശ്ചയിച്ചതല്ലേ? പിന്നെ ആളുകൾ എന്തു പറഞ്ഞാലെന്തു്? എന്നു ഞാൻ സമാധാനിച്ചു. അകലാനും അകററുവാനും വയ്യാത്ത ഒരു ബന്ധം ഞങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ഞങ്ങളുടെ പരിശുദ്ധമായ പ്രേമത്തെപ്പററി ആലോചിച്ചപ്പോൾ-ഭാവിബന്ധത്തേയും ജീവിതത്തേയും കുറിച്ചു് ഓത്തപ്പോൾ അന്യരുടെ അപവാദങ്ങൾ ദുർബ്ബലപ്പെട്ടുപോകുന്നതായും, സകല പ്രതിബന്ധങ്ങളും അടി തകർന്നുപോകുന്നതായും എനിക്കുതോന്നി.

വീട്ടുകാരുടെ ശ്രദ്ധാപൂർവ്വമായ വീക്ഷണങ്ങൾ മൂലം എനിക്കു് അദ്ദേഹത്തെ കാണുവാൻ പോകുവാനോ, ആ ഡിസ്പെൻസറിയിലേയ്ക്കു നോക്കുവാനോ സാധിച്ചില്ല.

ഞാൻ ഡാക്ടരുടെകൂടെ ഒളിച്ചോടിപോകുവാൻ പോകുന്നെന്നും, ഡാക്ടർ എന്നെയുംകൊണ്ടു് ഒളിച്ചോടാൻപോകുന്നെന്നും, ഞങ്ങൾരണ്ടാളുംകൂടി സ്ഥലംവിടാൻ ഉദ്ദേശിക്കുന്നെന്നും ഉള്ള പല വാർത്തകൾ ആ പ്രദേശത്തിൽ അലതല്ലി.

"സൂക്ഷിക്കണേ—പെണ്ണു് പ്രായമായതാണു്" എന്നു് ഒരു താക്കീതു് പലരും അച്ഛനുനൽകി.

അദ്ദേഹവുമായി ഒളിച്ചോടിപ്പോകുന്നതു് അഭിമാനകരമായി ഞാൻ കരുതി. എന്നെ ആത്മതുല്യം സ്നേഹിക്കുന്ന അദ്ദേഹത്തിന്റെകൂടെ എവിടെപോകുവാനും, എന്തുംചെയ്യുവാനും എനിക്കിഷ്ടമായിരുന്നു. അല്ലെങ്കിൽ പൊതുജനങ്ങളറികെ ഞങ്ങളുടെ വിവാഹം നടക്കണമെന്നെനിക്കുതോന്നി. അദ്ദേഹത്തോടു് ആ വിവരം പറയുവാൻ ഞാൻ തീർച്ചയാക്കി.

വീട്ടിലെല്ലാവരുമുറങ്ങി. അന്ധകാരനിബിഡമായ മുറിയിൽ ഞാൻ കണ്ണുതുറന്നുകിടന്നു. ഒരു കോഴി കൂകമാത്രാ എന്നോടു് സഹതാപംതോന്നി. അതു് കൂവിപ്പറഞ്ഞു- പാതിരാത്രിയായെന്നു്. ഞാൻ എഴുനേററു് വെളിയിലിറങ്ങി. അടുത്തുള്ള മരങ്ങളും ഇരുട്ടിൽ അലിഞ്ഞുചേർന്നുപോയി. കൂരിരുട്ടിലും എനിക്കു് ആ വഴി നല്ല നിശ്ചയമായിരുന്നു: അകലെയെവിടെയോ ഒരു പട്ടി ഓലിയിട്ടു

ന്നതുമാത്രം ആ രാത്രിയുടെ മൂകതയെത്തെ തെല്ലെന്നു ഛലിപ്പിച്ചു.

ഞാൻചെന്നു് വാതിലിൽമുട്ടി. അദ്ദേഹത്തെ വിളിച്ചു. എൻെറ ശബ്ദംകേട്ടാൽ അറിയാവുന്ന അദ്ദേഹം അകത്തു് എഴുന്നേല്ക്കുന്നെന്നു് എനിക്കതോന്നി.

"നീയെന്തിനുവന്നു" വാതിൽതുറന്ന അദ്ദേഹം ദേഷ്യത്തിൽ ചോദിച്ചു

ഞാൻ കാര്യംപറഞ്ഞു. "നമുക്കിവിടെനിന്നുപോകാം" എന്നായിരുന്നു ഞാൻ ഒടുവിൽ പറഞ്ഞതു്.

ആ ആശുപത്രിയിലെ നാഴികമണി ആറുപ്രാവശ്യം അടിച്ചു. ആ മുറിമുഴവനും അതിൻെറശബ്ദം നീന്തിക്കളിച്ചു.

എൻെറ അടുത്തുകിടന്ന കിഴവൻരോഗി ഒന്നു നിലവിളിച്ചു. അവിടെകിടന്ന എല്ലാം രോഗികളും അയാളെ നോക്കി. നേഴ്സിൻെറ മുഖം കൂടുതൽ ശോകപൂർണ്ണമായി.

"എന്നിട്ടു്" ആകാംക്ഷയുള്ള ഞാൻ ധൃതികൂട്ടി.

"എന്നിട്ടു്" അവരും അതാവർത്തിച്ചു. വീണ്ടും തുടർന്നു.–

അദ്ദേഹം പറഞ്ഞു "നിനക്ക് ഭ്രാന്താണ്. നീയെന്നെ ചീത്തയാക്കാതെ. ആളുകൾ എല്ലാം എന്നെ പരിഹസിക്കുന്നു"

34963

"പരിഹസിക്കുന്നെങ്കിലെന്ത്—നാം ഒന്നല്ലേ—നമ്മുടെ വിവാഹശേഷം എല്ലാം ശരിയാകും" ഞാൻകൊഞ്ചി.

"വിവാഹമോ?" അദ്ദേഹം പല്ലുകടിച്ചുകൊണ്ടു പറഞ്ഞു. "അതു സാദ്ധ്യമല്ല"

KOTTAYAM PUBLIC LIBRARY KOTTAYAM.

"നീ ഈ രാത്രിയിൽ എന്തിനുവന്നു? വല്ലവരും കണ്ടാൽ ഇനിയും എനിക്ക് അവമാനമാണ്—പോകൂ—മേലാൽ വരേണ്ട"

അത്രയുംപറഞ്ഞ് അദ്ദേഹം വാതിൽ അടയ്ക്കാനൊരുങ്ങി.

രണ്ടു മൂന്നുപേർ—എവിടെനിന്നെന്നറിഞ്ഞില്ലഓടിവന്നു.

എനിക്ക് ഉള്ളിൽ തീക്കനൽ വീണതുപോലെ തോന്നി.

ഒരാൾ ദേഷ്യത്തിൽചോദിച്ചു. "എടാ നീ എന്റെ പെണ്ണിനേയുംകൊണ്ടു പോകാൻ ഒരുങ്ങുകയാണോ?" എന്റെ അച്ഛന്റെ സ്വരമായിരുന്നു അതു്.

"ഇവന്റെ തൊഴിലേ ഇതാണ്. പെൺപിള്ളേരെ വശീകരിക്കുക" വേറൊരാൾ അദ്ദേഹത്തിന്റെ മുതുകിന് ഒരടികൊടുത്തു. ഞാനവിടെനിന്നും ഓടി.

* * *

തൊണ്ണൂററിമൂന്നു ദിവസങ്ങൾ ഞാൻ കിടക്കയിൽത്തന്നെയായിരുന്നു. ടൈഫോയിഡ് പിടിപെട്ട് മാംസം അശേഷമില്ലാത്ത ഒരു മനുഷ്യസ്ത്രീയായി ഞാൻ സുഖം പ്രാപിച്ചു. ഒരു പുരുഷനേയും ആകർഷിക്കാത്ത സ്ത്രീയായിട്ട് ഞാൻ കിടക്കയിൽനിന്നും എണീററു. തലയിൽ ഒരൊററ മുടിപോലും ഉണ്ടായിരുന്നില്ല. ഇത്രയും ദിവസങ്ങൾക്കുള്ളിൽ പല സംഭവങ്ങളും നടന്നു. അദ്ദേഹം അവിടംവിട്ട് സ്വന്ത നാട്ടിലേയ്ക്കുപോയി. തിരിയെവരാൻ ഉദ്ദേശമില്ലാതെ. അദ്ദേഹത്തിന്റെ വിവാഹം നടന്നു. ഞങ്ങളുടെ സ്ഥലത്തുനിന്നും അദ്ദേഹത്തിന്റെ ചില സ്നേഹിതന്മാർ അതിൽ സംബന്ധിക്കുവാനായി പോയിരുന്നു.

അദ്ദേഹത്തിന്റെ വിവാഹത്തിൽ എനിക്ക് ഒരു കുണ്ഠിതവും ഉണ്ടായില്ല. ഉണ്ടാവുകയുമില്ല. അദ്ദേഹത്തെ എപ്പോഴും ഞാൻ എന്റെ ഭർത്താവായിത്തന്നെ കരുതുന്നു. അത്രമാത്രം എന്റെ ഹൃദയം അദ്ദേഹത്തിൽ ഒട്ടിച്ചേർന്നുപോയി. അതിനെ വേർപെടുത്തുവാൻ ഒരിക്കലും ആർക്കും സാധിക്കുകയില്ല.

ഒരു വർഷം കഴിഞ്ഞാണ് എൻെറ തലമുടി ഈ രൂപത്തിലായതു്—ശരീരം പുഷ്ടിപ്പെട്ടതു്. പക്ഷേ, എനിക്കു് ആ നാട്ടിൽതാമസിക്കുക അസഹനീയമായിതോന്നി. എവിടെയെങ്കിലും പോകണമെന്നുഞാനുറച്ചു. ആ നാടുവിട്ടാൽ മാത്രമേ മനഃസ്സമാധാനം ഉണ്ടാവുകയുള്ളൂ എന്നു് എനിക്കനുഭവപ്പെട്ടു. ഞാനോർത്തു "ഒരു നേഴ്സായി നിൽക്കാമോ" എന്നു് അദ്ദേഹം അന്നുചോദിച്ച ചോദ്യം. ആ ഓർമ്മ എനിക്കു് പ്രചോദനംനൽകി.

ഞാൻ നാടുവിട്ടു. ഇവിടെവന്നു. നേഴ്സായി. ഇതാണു് എനിക്കു് ഇഷ്ടമേറിയപ്രവൃത്തി."

"ഒരു വിവാഹംചെയ്യാൻ നിങ്ങൾക്കു്സാദ്ധ്യമല്ലേ?" ഞാൻ ചോദിച്ചു.

"അല്ല" അവൾ ദൃഢപ്രതിജ്ഞചെയ്തു. "അദ്ദേഹത്തെക്കുറിച്ചുള്ള ചിന്ത എന്നെ മരണശേഷവും വിട്ടുപിരിയുകയില്ല. ഞാൻ ഒരു വിവാഹം ചെയ്താൽ ആ ഭർത്താവിനെ ആത്മാർത്ഥമായി എനിക്കുസ്നേഹിക്കുവാൻ എങ്ങനെ സാധിക്കും.

ഒരു പുരുഷനെ ഞാനെന്തിനുവഞ്ചിക്കുന്നു. എനിക്കു് എൻെറ ജീവിതത്തിൽ ഒരു ഭർത്താവുണ്ടായിപ്പോയിട്ടുണ്ടു്. അദ്ദേഹം വിവാഹിതനാകട്ടെ, ദുർമ്മാർഗ്ഗിയാകട്ടെ, മനുഷ്യസ്വഭാവം ഇല്ലാത്തവനാകട്ടെ—പക്ഷേ, എ

ൻെറ ഹൃദയം അദ്ദേഹത്തെ സ്വീകരിച്ചതാണ്. ഞാനദ്ദേഹത്തെ ഹൃദയത്തിൽ വരിച്ചതാണ്.

"അദ്ദേഹത്തിന്ന് നിങ്ങളോടും ഇങ്ങനെ തോന്നുന്നില്ലെങ്കിൽ പിന്നെ ഇതുകൊണ്ടുള്ള പ്രയോജനം" ഞാൻ അവരുടെ ചിന്തകളെ ഒന്നുകൂടെ ചികഞ്ഞുനോക്കി.

"വേണ്ട—അദ്ദേഹം എന്നെ ഓർമ്മിക്കണ്ട—എനിക്ക് അദ്ദേഹത്തെ ഓർമ്മിക്കുവാനും, ആരാധിക്കുവാനും സ്വാതന്ത്ര്യവും, അവകാശവുമുണ്ടല്ലോ. ആ ഓർമ്മകൾ എൻെറ ജീവിതത്തെ മധുരിപ്പിച്ചുകൊള്ളും. ഇനി എനിക്ക് ഒരു വാഗ്ദാനംമാത്രം അദ്ദേഹത്തോട്ട് നിറവേറേറണ്ടതായുണ്ട്.

"ഞാൻ മരിച്ചാൽ നീ വരുമോ" എന്നദ്ദേഹം എന്നോട്ട് ചോദിച്ചിട്ടുണ്ട്. "വരും" എന്ന് ഞാൻ മറുപടിയും കൊടുത്തിട്ടുണ്ട്.

അദ്ദേഹം മരിക്കുമ്പോൾമാത്രമേ ഞാനിനി അദ്ദേഹത്തെ കാണുകയുള്ളൂ. അപ്പോൾ ഞാൻ ചെന്നില്ലെങ്കിൽ അതു് ഒരു വലിയ പാപമാണ്-അപരാധമാണ്"

ആ കിഴവൻ രോഗി ഒന്നുകൂടി നിലവിളിച്ചു.

ആ നിലവിളി പെട്ടെന്നുനിന്നു. അയാൾ കാലുകൾ നീട്ടി നിശ്ചലനായിക്കിടന്നു.

"ഞാനങ്ങോട്ടുചെല്ലട്ടെ" ആ നേഴ്സ് അയാളുടെ അരികിലേയ്ക്ക് ഓടി. രണ്ടുമൂന്നു ഡോക്ടർമാരും അവിടെവന്നു. ആ കട്ടിൽമുഴവൻ തുണിയിട്ടുമൂടി വേലക്കാർ ഉന്തിക്കൊണ്ടുപോയി—ശവമുറിയിലേയ്ക്ക്.

അപ്പോൾ സമയം സന്ധ്യയായി.

---

# സാക്ഷി

"സാക്ഷി" എന്ന വ്യാജനാമത്താലാണ് അദ്ദേഹം കഥകൾ പ്രസിദ്ധീകരിക്കാറുള്ളതെങ്കിലും അദ്ദേഹത്തിന്റെ സാക്ഷാൽ നാമധേയം "മാധവൻ" എന്നാണെന്നുള്ളതു് വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽനിന്നും ആളുകളിൽ നിന്നും എനിക്കറിയാം. മി. മാധവൻ അനുഗൃഹീതനായ ഒരു സാഹിത്യകാരൻതന്നെ. സംശയമില്ല. അധികം കഥകൾ അദ്ദേഹം എഴുതാറില്ല. അങ്ങനെ ഇരിക്കു മ്പോൾ ഓരോന്നു് പത്രങ്ങളിൽ കാണാം. അവ കഥാരത്നങ്ങളായിരിക്കും. അദ്ദേഹത്തിൻെറ ചെറുകഥ കൾ ഉൾക്കൊള്ളുന്ന പത്രത്തിൻെറ ഒററ പ്രതിപോലും ബാക്കിയുണ്ടായിരിക്കുകയില്ല. പത്രത്തിൻെറ ഉടമസ്ഥനും ഏജൻറിനും, വില്ക്കുന്നവനും വലിയ ആദായമാണു് സാ ക്ഷിയുടെ കഥയുള്ള പതിപ്പുകൾ. എന്തൊരു സജീവ ങ്ങളായ കഥകൾ. ചിന്തയുടേയും ധ്യാനത്തിൻേറയും ഭാവനയുടേയും പാണ്ഡിത്യത്തിൻേറയും പ്രതിഫലനം. ആ കഥകൾ വായിക്കുന്നവൻ സാഹിത്യകാരനാകും. അ ത്രകണ്ടു് മേന്മയേറിയ കഥകൾ. പ്രണയവും പ്രേമവും പറയുന്നവയല്ല അദ്ദേഹത്തിൻെറ കഥകൾ. സ്ത്രീകളെ വഞ്ചിക്കുകയും വ്യഭിചാരത്തിനു മുഖവുര എഴുതുകയും സ ദാചാരത്തിനു താറടിക്കുകയും ചെയ്യുന്നകഥകൾ അദ്ദേഹം എഴുതുകയില്ല. അദ്ദേഹത്തെ പു.സാ. ക്കാരൻ എന്നു് ആളു

കരം പറയുകയില്ലായിരിക്കാം. പക്ഷെ അദ്ദേഹം പുരോഗമനസാഹിത്യകാരനാണെന്നു ഞാൻ പറയും. സാഹിത്യത്തിനു പുരോഗമനമുണ്ടാക്കുന്നവനല്ലേ പുരോഗമനസാഹിത്യകാരൻ? അദ്ദേഹം സാഹിത്യത്തിനു പുരോഗതി ഉണ്ടാക്കുന്നവനാണു്. മനുഷ്യരുടെ മലിനവികാരത്തിനു് പുരോഗതി ഉണ്ടാക്കുന്നവനല്ല.

ഞാൻ അദ്ദേഹത്തിൻെറ പത്തു ചെറുകഥകൾ വായിച്ചിട്ടുണ്ടു്. ഇതിൽ ഒന്നിലും ഒരു പെണ്ണില്ല, സദാചാരവിരുദ്ധമായ ഒരു പ്രയോഗമില്ല-വാചകമില്ല-വാക്കില്ല. അതുകൊണ്ടാണു് എനിക്കു് അദ്ദേഹത്തോടു കൂടുതൽ ബഹുമാനം. മനുഷ്യർ വഴിതെററി അധഃപതിക്കണമെന്നു് ആ സാഹിത്യകാരനു് ആഗ്രഹമില്ല. മനുഷ്യർ നന്നാകണമെന്നുള്ള ആത്മാർത്ഥമായുള്ള ഉദ്ദേശത്തോടുകൂടിയാണു് അദ്ദേഹം തൂലിക എടുക്കുന്നതു്. പറഞ്ഞതുതന്നെ മറിച്ചും തിരിച്ചും പേർ മാററിയും അധികം എഴുതിയവൻ എന്നുള്ള പേരു സമ്പാദിക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല. യുവതീയുവാക്കന്മാരുടെ താൽക്കാലികാവശ്യത്തിനായി അദ്ദേഹം സാഹിത്യത്തെ പണയം വയ്ക്കുന്നില്ല. പത്രങ്ങളിൽ എപ്പോഴും പേരും പടവും വരുത്തുവാനോ കൃതികളുടെ എണ്ണം കൂട്ടതൽ കാണിച്ചു് വായനക്കാരനെ ആശ്ചര്യപ്പെടുത്തുവാനോ, പരസ്യത്തിനു തലവേദന ഉണ്ടാക്കുവാനോ അദ്ദേഹത്തിനു് അശേഷം ആഗ്രഹമില്ല. സ്വന്തം പേരുതന്നെ മറവ

ള്ളവർ അറിയേണ്ടതെന്ന് വിചാരിച്ചായിരിക്കണമല്ലോ 'സാക്ഷി' എന്ന നാമത്തിൽ അദ്ദേഹം സകലതും പ്രസിദ്ധപ്പെടുത്തുന്നതും പുറത്തുവിടുന്നതും.

ഹാ! ആദർശധീരനായ ഒരു സാഹിത്യകാരൻ. അദ്ദേഹത്തെ ഒന്നു കാണുവാൻ-കണ്ടു സംസാരിക്കുവാൻ-പരിചയപ്പെടുവാൻ-സ്നേഹിതനാക്കുവാൻ എനിക്കു വലിയ ആഗ്രഹമുണ്ടായി. ഊണും ഉറക്കവുമുപേക്ഷിച്ചു പല അന്വേഷണങ്ങൾ നടത്തി ഒരു ഞായറാഴ്ച പകൽ രണ്ടു മണിയ്ക്കു് ഞാൻ അദ്ദേഹത്തിൻെറ വിട്ടിൽ ചെന്നെത്തി. ഹെഡ്മാസ്റ്ററുടെ മുറിയിൽ ചെല്ലുന്ന വിദ്യാർത്ഥിയെപ്പോലെ ഞാൻ അകത്തു കടന്നു. വിസ്താരമില്ലാത്തതെങ്കിലും വെടിപ്പും വൃത്തിയുമുള്ള ഒരു മുറി. തെക്കേ അരികിൽ എട്ടാളുകൾക്കു് ഇരിക്കാവുന്ന ഒരു ബെഞ്ച്. നടുക്കു് ഒരു ചെറിയ വട്ടമേശയും അതിനരികിൽ ഒരു ചാരുകസാലയും. അതിനു സമീപമുള്ള ഒരു സ്റ്റൂളിൽ കൃശഗാത്രനായ ഒരു മനുഷ്യൻ ഇരിക്കുന്നുണ്ടു്. അരികിൽ നീളത്തിൽ തടിച്ച നീലക്കരയുള്ള ഒരു ടർക്കിടൌവൽ ആ ചാരുകസാലയിൽ വിരിച്ചിരുന്നു. ഒററനോട്ടത്തിൽ അതിൽനിന്നും ആരോ ഇപ്പോൾ എഴുന്നേററു് വെളിയിലെവിടെയോ പോയിരിക്കും എന്നു ഞാനൂഹിച്ചു.

"ഇവിടില്ലേ?" ഞാൻ ആസ്ററൂളിൽ ഇരുന്ന മനുഷ്യനോടു് (അദ്ദേഹത്തെ കാണുവാൻ വന്ന ആരോ ആയിരിക്കാം) ചോദിച്ചു.

"ഇല്ല"

"എവിടെ പോയി"

"വെളിയിലൊരിടത്തു്"

"താമസിക്കുമോ"

"ഇല്ല-ഇപ്പോൾ വരും, ഇരിക്കുക" അയാൾ എന്നോടു സൗമ്യമായി പറഞ്ഞു. ആ ബെഞ്ചിൻെറ മദ്ധ്യഭാഗത്തായി ഇരുന്നു. എനിക്കഭിമുഖമായുള്ള ഭിത്തിമേൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

"അണുജീവിയിലും സഹോദര-
പ്രണയം തൽകൃപയാലെ തോന്നണം"

ആ രണ്ടു വരികൾക്കു മുകളിൽ മഹാത്മാഗാന്ധിയും രവീന്ദ്രനാഥടാഗൂറും തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു പടം കണ്ണാടിയിട്ടു് വച്ചിട്ടുണ്ടു്.

"എവിടെനിന്നും വരുന്നു" ആ മനുഷ്യൻ എന്നോടു് ചോദിച്ചു.

"അല്പം അകലെ നിന്നാണു്-അപ്പോൾ നിങ്ങൾ" ഞാനും അദ്ദേഹത്തെ ഒന്നറിഞ്ഞുകളയാമെന്നു വിചാരിച്ചു.

"ഞാൻ അദ്ദേഹത്തിൻെറ കൂടെത്തന്നെ താമസം. ഒരു ശിഷ്യനെന്ന നിലയിൽ കഴിഞ്ഞുകൂട്ടുകയാണു്"

"പേരു്?"

"എൻെറ പേരോ-ചന്ദ്രൻ" സംതൃപ്തി ഒഴുകുന്ന സ്വരത്തിലായിരുന്നു ആ മറുപടി.

"ഇരിക്കു—ഞാൻ കാപ്പി കൊണ്ടുവരാൻപറയാം" അദ്ദേഹം എണീററു.

"അയ്യോ വേണ്ട—ഞാനിപ്പോൾ വെളിയിൽ നിന്നു കഴിച്ചതേയുള്ളു" ഞാൻ നിർബന്ധിച്ചു.

"അതല്ല" അദ്ദേഹം തുടർന്നു.

"ഇവിടെ ആരു വന്നാലും ഇതൊരു പതിവാണു്. സാറിനതു വലിയ നിർബന്ധമാണു്. കാപ്പിക്കട പുറകുവശത്താണു്. ഇവിടെ നിന്നും വിളിച്ചുപറഞ്ഞാൽ മതി. എനിക്കു് ഇതൊരു തൊഴിലായിത്തീർന്നിരിക്കുകയാണു്. ആ കടയിലെ പിള്ളേർക്കെല്ലാം ഈ വീടു നല്ല പരിചയമാണു്" എൻെറ അനുമതിയ്ക്കു കാത്തു നിൽക്കാതെ അദ്ദേഹം വെളിയിലോട്ടിറങ്ങി മതിലിനപ്പുറത്തു നോക്കിക്കൊണ്ടു് "എടേ—പയ്യൻ—ഒന്നു്-" എന്നുപറഞ്ഞു വീണ്ടും വന്നിരുന്നു ചോദിച്ചു.

"മുറുക്കമോ"

"ഇല്ല"

"പുക"

"നിർബന്ധമില്ല—വല്ലപ്പോഴും"

"എന്നാൽ വലിക്കാമല്ലോ" അയാൾ ഒരു ബീഡിയും തീപ്പെട്ടിയും എന്റെ നേർക്കു നീട്ടി.

അതു വാങ്ങിച്ച് വലി തുടങ്ങിയ ഞാൻ ചോദിച്ചു, "നിങ്ങളുടെ സാറു ഇതുപയോഗിക്കുമോ"

"ഓ—ധാരാളം" അയാൾ ഒരു മൂലയിലോട്ടു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു.

"ആ കിടക്കുന്നതു മുഴുവൻ ഇന്നത്തെതാണ്." ഞാൻ നോക്കിയപ്പോൾ ഏകദേശം മുപ്പതോളം ബീഡിക്കുററികളും അത്രയുംതന്നെ തീക്കമ്പുകളും അവിടെ കിടക്കുന്നു.

"അപ്പോൾ വലിയ പുകവലിക്കാരനാണല്ലോ നിങ്ങളുടെ സാറ്"

"ആണെന്നോ-പുക വലിച്ചില്ലെങ്കിൽ ഒന്നും എഴുതാൻ സാധിക്കുകയില്ലെന്നാണദ്ദേഹം പറയാറുള്ളതു്.

ഒരു പുകവലിച്ചാൽ ഒരു പുതിയ ആശയം കിട്ടുമെന്നാണ് ഇന്നാളിൽ എന്നോടു പറഞ്ഞതു്.''

"അപ്പോഠം ഒരു ബീഡി മുഴുവനും വലിച്ചുതീന്നാൽ ഒരു നോവൽ എഴുതുവാൻ സാധിക്കുമല്ലോ'' എൻെറ അഭിപ്രായത്തിൽ അദ്ദേഹം ചിരിച്ചുപോയി.

"സാധാരണയായി സാഹിത്യകാരന്മാർക്കു ഉള്ള ഒരു ദുഷ്യമാണിതു്'' മി. ചന്ദ്രൻ ഒരു സാർവ്വലൌകിക പരമാത്ഥം എന്നെ മനസ്സിലാക്കുവാനെന്നപോലെ തുടന്നു.

"ചിലർ ബീഡി വലിക്കും—ചിലർ സിഗററു വലിക്കും—മററുചിലർ മുറുക്കുകയായിരിക്കും. വേറെ ചിലർക്കു പൊടിവലി—മററു ചിലർക്കു മദ്യപാനം. ഇവയിൽ ഒന്നെങ്കിലും ഉപയോഗിക്കാത്ത സാഹിത്യകാരനില്ല. ഇപ്പറഞ്ഞതു സകലതും ഉപയോഗിക്കുന്ന ഒന്നുരണ്ടുപേരെ എനിക്കറിയാം'' ഇത്രയും പറഞ്ഞു് അയാഠം എന്നോടു് തീപ്പെട്ടിവാങ്ങി ഒരു ബീഡികത്തിച്ചു വലിച്ചുതുടങ്ങി.

അയാഠം പറഞ്ഞതു് പരമാത്ഥമാണെന്നു് എനിക്കുംതോന്നി. കാരണം ഞാൻ ഒരു പുകവലിക്കാരനാണു് ചില ചെറുകഥകളും എഴുതാറുണ്ടു്.

"അപ്പോഠം സാഹിത്യകാരന്മാർക്കു് ഇതു് കൂടിയേ കഴിയൂ എന്നു നിയമമുണ്ടോ?''

മുഖത്തിനുചുററം മൂടൽമഞ്ഞുപോലെ പുകപരത്തിക്കൊണ്ടു് അദ്ദേഹം മറുപടിതന്നു.

"സാഹിത്യകാരന്മാർക്കു മാത്രമല്ല-ഇതിൽ ചിലതു് മനുഷ്യർക്കു് കൂടിയേ കഴിയൂ. ഏകാന്തതയിൽ ഇരുന്നു് ബീഡിവലിച്ചാൽ ഒരു സ്നേഹിതനുമായി സംസാരിച്ചു രസിക്കുന്നതുപോലിരിക്കുമെന്നാണു് സാറു പറയാറുള്ളതു്. ചുരുളചുരുളായി ഇറങ്ങി ഒടുവിൽ ആകാശവും ഭൂമിയും തൊടാതെ അപ്രത്യക്ഷപ്പെടുന്ന പുകയിൽ നോക്കിക്കൊണ്ടിരുന്നാൽ വിഷമകരമായ യാതൊരു ചിന്തകളും ഉണ്ടാകുകയില്ല. ഉണ്ടായാൽ അതു് ഉടനെ മറക്കുവാൻകഴിയും എന്നാണു് സാറിൻെറ അഭിപ്രായം."

"ശരിയായിരിക്കാം ആകട്ടെ"

ഞാൻ സംസാരവിഷയം ഒന്നു മാററാൻ ഒരുങ്ങി.

"ഞാൻ നിങ്ങളുടെസാറിൻെറ ഒരു വലിയ ആരാധകനാണു്. അദ്ദേഹം എന്നെ അറിയുകയില്ലെങ്കിലും ഞാനറിയും. ഞാനെന്നല്ല നമ്മുടെഭാഷസംസാരിക്കുന്നവരെല്ലാംതന്നെ അദ്ദേഹത്തെ അറിയും. എന്തു പ്രസിദ്ധിയും പ്രചാരവുമുള്ള കഥകളാണദ്ദേഹം എഴുതുന്നതു്. ഈ പ്രസിദ്ധിവല്ലതും അദ്ദേഹമറിയുന്നുണ്ടോ.? സുന്ദരിയായ ഒരു തരുണിയെപ്പോലെയാണദ്ദേഹം. അവളെ കാണുന്നവ

രെല്ലാം പ്രേമിക്കും-മോഹിക്കും. പക്ഷേ, അവർക്ക് ആ വസ്തുതകളൊന്നും അറിയാൻ പാടില്ലതാനും"

"എന്തു പ്രസിദ്ധി" അദ്ദേഹം ഒരു നീരസത്തോടു കൂടി തുടങ്ങി.—

"മിസ്റ്റർ--നിങ്ങൾക്കറിയാമോ സാറ് എന്നാണ് ഈ പേരുസമ്പാദിച്ചതെന്നു്. നിങ്ങൾക്കദ്ദേഹത്തിന്റെ കഥയെഴുത്തിന്റെ ചരിത്രം അറിയുവാൻ പാടില്ല. അദ്ദേഹം ഈ പ്രസിദ്ധിയുടേയും പേരിന്റേയും പുറകേപോകുന്നവനല്ല പത്തുവർഷങ്ങളായി ഈ തൊഴിൽ തുടങ്ങിയിട്ട്-പക്ഷേ, പറഞ്ഞാൽ വിശ്വസിക്കുകയില്ല-ഈ പേരും ആദായവും ഉണ്ടായിട്ട് കേവലം രണ്ടുകൊല്ലങ്ങളേ ആയുള്ളു"

മുറിയുടെ കോണിലുള്ള ഒരു അലമാരിയുടെമുകളിൽ ചൂണ്ടിക്കൊണ്ടദ്ദേഹം പറഞ്ഞു.—

"ആ കടലാസുകെട്ടുകൾ കണ്ടോ"

അതെല്ലാം അദ്ദേഹം ആദ്യമാദ്യം എഴുതിയ കഥകളും കവിതകളുമാണ്. അതെല്ലാം പ്രസിദ്ധീകരിക്കുവാനായി പത്രങ്ങൾക്ക് നൽകിയതാണ്. അന്ന് പത്രക്കാരാരും അവയൊന്നും അംഗീകരിച്ചില്ല-ബഹുമാനിച്ചില്ല. വാസനയുള്ളവനായ ഒരു സാഹിത്യകാരനെ ഉയർത്തിക്കൊ

ണ്ടവരുവാൻ അവർക്കാർക്കും സന്മനസ്സുണ്ടായിരുന്നില്ല. ലോകം നന്നാകുവാനുള്ള-ലോകത്തെനന്നാക്കുവാനുള്ള സാഹിത്യമായിരുന്നു അന്നും അദ്ദേഹത്തിന്റേതു്. പക്ഷേ, അതു് ജനങ്ങളുടെ ഇടയിലോട്ടു് പ്രചരിപ്പിക്കുവാൻ ഈ പത്രക്കാർ ഒരുമ്പെട്ടില്ല."

"കാരണം"ഞാൻ അറിയാതെ ഒരു ചോദ്യം എന്റെ നാവിൽനിന്നും വഴുതിവീണു.

"കാരണമോ"അദ്ദേഹത്തിന്റെ മുഖഭാവംമാറി. ശബ്ദത്തിനു് കനംവർദ്ധിച്ചു. കയ്യിലിരുന്ന ബീഡിയുടെ അറ്റത്തിൽ എരിഞ്ഞുനീളത്തിൽ അടങ്ങിയിരുന്ന ചാരം താഴെവീണു ചിന്നിച്ചിതറി. വീണ്ടും വലിച്ചപ്പോൾ പുകകിട്ടായ്കയാൽ അദ്ദേഹം അതു താഴെവലിച്ചെറിഞ്ഞു് എന്നോടുദേഷ്യപ്പെട്ടുംപോലെ പറഞ്ഞു.—

"കാരണം-അന്നദ്ദേഹത്തിനു പേരില്ലായിരുന്നു. പേരില്ലാത്തവന്റെ കഥകൾ ഇട്ടാൽ പത്രം ചിലവാകുകയില്ല. നമ്മുടെ പത്രക്കാരുടെ ആദർശം നിങ്ങൾക്കറിയാമോ മിസ്റ്റർ-കേൾക്കു്-അതൊരുവ്യവസായമാണു്-കലാവിദ്യ-പണസമ്പാദനമാർഗ്ഗം. പത്രധർമ്മമെന്താണെന്നുള്ളതു് അതു നടത്തുന്നവനു് അറിയേണ്ട കാര്യമില്ല. പേരുള്ളവരുടെ കഥകളും കവിതകളും ലേഖനങ്ങളും ഉണ്ടെങ്കിലേ പത്രം പ്രചരിക്കയുള്ളൂ-വാരിക ചിലവാകുകയുള്ളൂ-മാസി

കവിററുതീരുകയുള്ളൂ കണ്ടിട്ടില്ലേ അടുത്തയാഴ്ചത്തെപത്രം ചിലവാകാൻവേണ്ടി അതിൽ ഉൾപ്പെടുത്തിയിട്ടുള്ള കഥകളും കവിതകളും മററുമെല്ലാം ഈ ആഴ്ചത്തേതിൽ പരസ്യപ്പെടുത്തുന്നതു്. എന്തിനാണതു്? എന്നാലേ പണം വന്നുചാടുകയുള്ളൂ. പേരുള്ള സാഹിത്യകാരൻെറ മൌഢ്യത്തിൻെറ മുൻപിൽ പ്രസിദ്ധനായ പത്രാധിപരുടെ വിജ്ഞാനം കൊമ്പുകുത്തുന്നു. പേരുള്ള സാഹിത്യകാരൻ ചത്താലും അവൻെറ പ്രേതത്തെ പിൻതുടൎന്നു് കഥയും കവിതയും ഇറക്കുന്നവരാണു് പത്രക്കാർ. അക്കാലമാണിതു്.

പണത്തിനുപിറകേപോകുന്ന പത്രക്കാരേയും പ്രസിദ്ധിയുടെ പിന്നാലെത്തുങ്ങുന്ന സാഹിത്യകാരന്മാരേയുമാണു നാം കാണുന്നതു്. സാഹിത്യത്തിനു മേന്മവരുത്തുന്ന സാഹിത്യകാരനു് പ്രസിദ്ധിവേണ്ട. സാഹിത്യത്തിൻെറമേന്മ എന്നു് ഞാൻ പറയുന്നതു് അതു് ജനങ്ങളിൽ ഉണ്ടാക്കുന്ന മാററങ്ങളെയാണു്. അല്ലാതെ ഭാഷയ്ക്കുണ്ടാകുന്ന ലാളിത്യമല്ല. മററെല്ലാംപോലെ ലോകത്തെനന്നാക്കേണ്ട ഒരു വസ്തുവാണു് സാഹിത്യം. അതു് പുരോഗമിക്കുമ്പോൾ അതിൻെറ അർത്ഥം ലോകം പുരോഗമിക്കുന്നു എന്നാണു്. പുരോഗമനത്തിൽകൊണ്ടു് സാഹിത്യംവച്ചു് മനുഷ്യനെ വഷളാക്കരുതു്.,,

"എന്നിട്ടു് പത്രക്കാർ നിങ്ങളുടെ സാറിന്റെ കഥകളും[illegible]റവും അംഗീകരിച്ചതോ" അദ്ദേഹത്തിന്റെ സംസാരത്തിനു് അദ്ധ്യായം തിരിക്കുവാനെന്നവണ്ണം ഞാൻ ഓരോ ചോദ്യമിട്ടു.

"അതു് വലിയ രസമുള്ള കാര്യമാണു്."

അദ്ദേഹം മുറയ്ക്കു് കഥകൾ അയച്ചുകൊടുത്തു. എല്ലാം മാങ്ങാ എറിയുന്ന കുട്ടിയുടെമുൻപിൽ എറിയുന്ന വടിമാത്രം വന്നുവീഴുന്നതുപോലെ, തിരിയെവന്നു. ചിലതു തിരിച്ചു വന്നതുപോലുമില്ല. കാര്യമെന്തെന്നു് അദ്ദേഹത്തിനു് മനസ്സിലായില്ല.

KOTTAYAM PUBLIC LIBRARY KOTTAYAM

പത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള മററു കഥകളുമായി അദ്ദേഹം തന്റെ കഥകളെ തട്ടിച്ചുനോക്കി. ഒട്ടും ഒരിക്കലും മോശമായിരുന്നില്ല അദ്ദേഹത്തിന്റെകഥകൾ. പലതും അവയെക്കാളെല്ലാം വളരെ വളരെ നല്ലതായിരുന്നു. ഒടുവിൽ നിരാശനായ അദ്ദേഹം ഒരുകഥ-"സാക്ഷി" എന്ന ഒരു കഥ-അവസാനമായി അയച്ചുകൊടുത്തു. അതുപത്രത്തിൽവന്നു. ആദ്യത്തേതായിട്ടു്.

"ഓഹോ അതുകൊണ്ടായിരിക്കാം നിങ്ങളുടെ സാറു് പിന്നീടുള്ളതെല്ലാം "സാക്ഷി" എന്ന വ്യാജനാമത്തിൽ അയച്ചുകൊടുത്തതു്."

"തന്നെ എന്നിട്ടു്—കേൾക്കു്" അദ്ദേഹം തുടർന്നു.

“ഇന്ന് അദ്ദേഹത്തിൻെറ കഥകളുണ്ടെങ്കിലേ പത്രങ്ങൾ ചിലവാകയുള്ളൂ എന്ന നിലയാണ്. തന്മൂലം നല്ല പ്രതിഫലം കിട്ടുന്നുണ്ടു്. ഒരുകഥയ്ക്കു് അൻപതുരൂപാ അയച്ചുകൊടുത്തതു് എനിക്കറിയാം.

“അങ്ങനെയാണെങ്കിൽ ദിവസവും ഓരോ കഥകൾ കൊടുക്കരുതോ—മാസം ആയിരത്തിഅഞ്ഞൂറ് ഉറപ്പികയാകുമല്ലോ”

“ങാ! അതല്ലേ വൈഷമ്യം. അദ്ദേഹംപറയുന്നതു ഒരു കഥയെഴുതാൻ ഒരുദിവസം പോരെന്നാണ്. ഒരു ചെറുകഥയിൽ പറഞ്ഞകാര്യങ്ങൾ നോവലിലും അതിൽ പറയുന്നതു നാടകത്തിലും പറഞ്ഞു് ഓരോ പുസ്തകങ്ങളുടേയും പുറംതാളിൽ, പോററിഹോട്ടലിൽ പലഹാരങ്ങളുടെപേരും വിലയും എഴുതിവച്ചിരിക്കുന്നതുപോലെ കൃതികളുടെ എണ്ണം കാണിക്കുന്ന സാഹിത്യകാരന്മാരില്ലേ; ചേർച്ചയില്ലാത്ത സാധനങ്ങളിട്ടു് കൂട്ടാൻകൊള്ളാത്ത കൂട്ടാൻ ഉണ്ടാക്കുന്നതുപോലെയാണ് പെട്ടെന്നുകിട്ടുന്ന വല്ലതും കൊണ്ടു് ചമയ്ക്കുന്നകഥകൾ: സാറിന്ന് അതു് ഇഷ്ടമല്ല. എനിക്കറിയാം ഇരുപതു ദിവസങ്ങൾകൊണ്ടു് അദ്ദേഹം ഒരു കഥയെഴുതിയതു്. മാസത്തിൽ രണ്ടുമൂന്നെണ്ണത്തിൽ കൂടുതൽ അദ്ദേഹം എഴുതാറെയില്ല. പത്രക്കാരുടെ കത്തുകൾ നിത്യവും വരുന്നുണ്ടു്. തിരുനാൾ മംഗളംപോലെ ക്ഷിപ്രസാദ്ധ്യമാണോ മിസ്റ്ററുടെ ചെറുകഥകൾ?”

"ഈ മനുഷ്യൻ അദ്ദേഹത്തിൻെറ സാറിനേക്കാൾ മിടുക്കനാണല്ലോ" എന്നെനിക്കുതോന്നി. എന്തു് കാര്യമായി സംസാരിക്കുന്നു. രസകരവും കാര്യതരവുമായ സംസാരത്തിനു് അദ്ദേഹത്തെ കൂടുതൽ പ്രേരിപ്പിക്കാമെന്നു വിചാരിച്ചു് ഞാൻ ചോദിച്ചു:—

"നിങ്ങളുടെ സാറു് സ്ത്രീകളേയും; പ്രണയത്തേയും പററിപ്രതിപാദിക്കുന്ന കഥകളാണു് ഒട്ടുമുക്കാലും നാം കാണുന്നതു്. എളുപ്പമുള്ള ഒരു സാഹിത്യസേവനമാണതു്. മധുരമായ വാക്കുകളും മസൃണമായ പ്രയോഗങ്ങളും എത്ര വേണമെങ്കിലും ആർക്കും ലഭിക്കും. വലിയ വിഭവങ്ങൾക്കുപോകാതെ "ചമ്മന്തി" കൊണ്ടുമാത്രം സദ്യനടത്തുന്നതു പോലെ എളുപ്പമാണതു്. പ്രണയകഥകൾക്കും കവിതകൾക്കുമാണു് ഇപ്പോൾ ചിലവു്. പക്ഷേ, പ്രണയത്തിനുവിലയില്ല. പ്രണയകഥകൾ വയറിളക്കാനുള്ള 'ഗുളിക' പോലെയാണു്. അതുണ്ടാകുവാൻ വൈദ്യശാസ്ത്രം അഭ്യസിക്കേണ്ട. അര അണയ്ക്കു ലഭിക്കുന്ന അതുവാങ്ങി വയറിളക്കി വയററിൽ തകരാറുണ്ടാക്കുന്നതാണു് മനുഷ്യക്കിഷ്ടം. പുതുമയെ പുണരുവാൻ പുരോഗമിക്കുന്ന മനുഷ്യനു് പഴമയെക്കുറിച്ചൊരു ഗന്ധവുമില്ല. എല്ലാം അറിഞ്ഞുതന്നാണു് അവൻെറ ഭാവം. രാമായണവും, ഭഗവത്ഗീതയും പുരോഗമനവാദികൾ വെറുക്കുന്നു. അതുകാണുമ്പോൾ "കിരിയാത്തു" തിന്നവനെപ്പോലെ അവർ മു

ഖംചുളിക്കുന്നു. അതെല്ലാം പഴഞ്ചൻ സാഹിത്യത്തിൽ തള്ളുന്ന എന്താകാരണം. അവർക്കു് അതിനെക്കുറിച്ചൊരു ജ്ഞാനവുമില്ലാഞ്ഞിട്ടു്. നിങ്ങൾ സമുദ്രങ്ങൾ കാണുന്നില്ലേ. അവയ്ക്കുള്ള പഴക്കം നിർണ്ണയിക്കാനൊക്കുമോ, മനുഷ്യൻ പ്രാപിച്ചിട്ടില്ലാത്ത സ്ഥാനങ്ങൾ അവയിൽ എത്രയോ ഇനിയും അവശേഷിക്കുന്നു"

അദ്ദേഹം വീണ്ടും ഒരു ബീഡികത്തിച്ചു. ഒന്നനിക്കു നീട്ടി.

"വേണ്ട-അധികം വലിച്ചാൽ ചുമയ്ക്കും"

ഞാൻ വാങ്ങിയില്ല.

അദ്ദേഹം വീണ്ടും പറഞ്ഞുതുടങ്ങി.—

"നമ്മുടെ ഭാഷയിൽ ഇപ്പോൾ അവരവർക്കു് തോന്നുന്നതെല്ലാം സാഹിത്യമായിരിക്കുകയാണു്. വായനക്കാരേക്കാൾ കൂടുതൽ എഴുത്തുകാരായിപ്പോയി. എഴുതുന്നവനുതന്നെ മനസ്സിലാകാത്ത സാഹിത്യം വായനക്കാരനു് എങ്ങനെ മനസ്സിലാകും. ?"

നാടകക്കാരുടെ സാഹിത്യം കേട്ടിട്ടില്ലേ. പറയുന്നവനു് അവനെന്താണു പറയുന്നതെന്നറിയുവാൻവയ്യ.

സ്റ്റശപാസത്തിൽ 'ഢഢാലക്' അടിക്കുന്നതുപോലെ അവൻ സകലതും പറഞ്ഞുതീർക്കും. ഒരക്ഷരം മനസ്സിലായില്ലെങ്കിലും കാണികൾ കയ്യടിക്കും. ഒന്നും മനസ്സിലാകാതിരിക്കുമ്പോളാണല്ലോ വളരെ ഭേഷായിരിക്കുന്നു എന്നാളുകൾ അഭിപ്രായം പറയുന്നതു്. അജ്ഞതയിൽനിന്നും വരുന്ന അഭിപ്രായമാണതു്. അതിൽ ഒരർത്ഥവും ഇല്ല. അതുകൊണ്ടാണു് നമ്മുടെ സാഹിത്യം അധഃപതിക്കുന്നതു്."

അപ്പോൾ എനിക്കൊരു ചോദ്യത്തിനവസരംകിട്ടി. "നമ്മുടെ സാഹിത്യകാരന്മാർക്കും അധഃപതനമാണല്ലോ മിസ്റ്ററെ. അവരെല്ലാം ദാരിദ്ര്യത്തിൽ കഴിയുന്നെന്നാണല്ലോ പറയുന്നതു്—അതെന്താ—പത്തിരുപതു് പുസ്തകങ്ങൾ എഴുതുന്ന ഒരു സാഹിത്യകാരൻഎന്തിനു് പട്ടിണികിടക്കണം."

"സാഹിത്യകാരൻ ദാരിദ്ര്യമനുഭവിക്കണമെന്നു് നിയമമില്ല—സാഹിത്യത്തിന്റെ ശോച്യമായ ദരിദ്രാവസ്ഥകൊണ്ടു് അങ്ങനെ വന്നുപോകുന്നതാണു്. ഒരാൾക്കു് പത്തു് ആൺമക്കൾ ഉണ്ടെന്നു വിചാരിക്കുക. അവർ പത്തും മടയന്മാരോ രോഗികളോ ആയിരുന്നാൽ വല്ലപ്രയോജനവും പിതാവിനോ മററുള്ളവർക്കോ ഉണ്ടാകുമോ.?

അല്ലെങ്കിൽതന്നെ സാഹിത്യസേവനത്തെ ഉപജീവ

നമാഗ്ഗമായി കരുതുവാനേ പാടില്ല. അതൊരുമാതിരി പൊതുജനസേവനമല്ലേ.„

കുറച്ചുസമയത്തേയ്ക്കു് ഞങ്ങൾ രണ്ടാളും ഒന്നും സംസാരിച്ചില്ല.

"കണ്ടില്ലല്ലോ. വരുവാൻ വളരെത്താമസിക്കുമോ?„ സമയം അധികമായെന്നു് എനിക്കുതോന്നി.

"ഇരിക്കുക—വരാറായിരുപ്പായി" അദ്ദേഹം വീണ്ടും ആശ്വാസംതന്നു.

ഞാൻ ആ മേശപ്പുറത്തുകിടന്ന കടലാസ്സുകഷണങ്ങൾ എല്ലാം നോക്കി. നാലുകഥകൾ നാലു കടലാസ്സുകഷണങ്ങളിൽ ആദ്യത്തെ ഖണ്ഡികമാത്രം തീൻകിടക്കുന്നു. അതുനാലും ഞാൻ വായിച്ചു. എല്ലാം നന്നായിട്ടുണ്ടു്.

"ഇതെന്താ മുഴുവനാക്കാത്തതു്?„

"അദ്ദേഹം—ഞാൻ പറഞ്ഞില്ലേ—പെട്ടെന്നു് ഒരു പുതിയ ആശയംതോന്നും-അപ്പോൾ എന്തെങ്കിലും എഴുതിക്കൊണ്ടിരിക്കുകയാണെങ്കിൽ വല്ല കഷണങ്ങളിലും അതും എഴുതിവയ്ക്കും. പിന്നെ എത്രനാളുകൾ കഴിഞ്ഞാണു് അതെല്ലാം വീണ്ടും നോക്കുന്നതെന്നറിയാമോ?"

"ഏതായാലും ഇതെല്ലാം ഭേഷാകും—നല്ല തുടസ്സം—ഇതെല്ലാം ഒരുമിച്ചുചേത്താൽമതിയല്ലോ നല്ല ഒരുകഥയാകാൻ."

"അതെങ്ങനെ? അദ്ദേഹം ചിരിച്ചുകൊണ്ടുപറഞ്ഞു അതുനാലും നാലുകഥകളല്ലേ? നാലു് എൻജിൻമാത്രംഘടിപ്പിച്ചു് ഒരു ട്രെയിൻ ഓടിക്കുന്നതുപോലെയിരിക്കും. യാത്രക്കാർക്കുള്ള മുറികൾ ഉണ്ടാവുകയില്ല."

ആ സംസാരത്തിൽ ഞാൻ വളരെ രസിച്ചു.

"നിങ്ങളെന്താ ഒന്നും എഴുതാത്തു്-വല്ല കവിതയോ കഥയോ എഴുതണം."

"ഓ! ഞാൻ എന്തെഴുതാൻ. എനിക്കു് വല്ലവരുടെയും വായിക്കുന്നതാണു് കൂടുതൽ ഇഷ്ടം. എന്നാലേ അതുപഠിക്കുവാനൊക്കുകയുള്ളൂ."

വെളിയിൽ ആരോ ഒന്നു ചുമച്ചു കാക്കിച്ചുതുപ്പുന്നശബ്ദം. എനിക്കുതോന്നി അദ്ദേഹംനടന്നുവരികയാണെന്നു്. എൻെറ നയനങ്ങൾ അക്ഷമകാണിച്ചു. ഹൃദയം തുടുത്തു.

"ഡസംറായിരിക്കും വരുന്നതു്" ഞാൻ മി. ചന്ദ്രനോടു് പറഞ്ഞു.

അദ്ദേഹംഒന്നും മറുപടിപറഞ്ഞില്ല.

പെട്ടെന്ന് ദീർഘകായനായ ഒരാൾ അകത്തുവന്നു. മി. ചന്ദ്രനെ നോക്കി അയാൾ പറഞ്ഞു.

"നമസ്കാരം"

"നമസ്കാരം" ഇരിക്കൂ! ഞാനിതാ വന്നുകഴിഞ്ഞു. മി. ചന്ദ്രൻ എഴുന്നേററ് അപ്പുറത്തോട്ടുപോയി.

"എന്നാൽ ഞാനിറങ്ങാം. ഇനിഒരവസരത്തിൽ വന്ന് അദ്ദേഹത്തെ കണാം" യാത്ര പറയാമെന്നുവിചാരിച്ച് ഞാൻ പറഞ്ഞത് അദ്ദേഹം ശ്രദ്ധിച്ചില്ല—അഥവാ കേട്ടില്ല.

വന്നമനുഷ്യൻ എൻെറ സമീപം വന്നിരുന്നു:

"മി. മാധവനെ കാണാനായിരിക്കും"

ഞാൻ അദ്ദേഹത്തോടുചോദിച്ചു.

"അതെ"

"എപ്പോൾ വരുമോ- ഞാൻ രണ്ടുമണിക്കൂറുകളായി ഇരിക്കുന്നു. ഇപ്പോൾ വെളിയിലോട്ടുപോയ അദ്ദേഹത്തിൻെറ ശിഷ്യൻ "ഇപ്പോൾവരും- ഇപ്പോൾവരും" എന്നും പറഞ്ഞു് എന്നെ ഇതുവരെ ഇരുത്തി.

എൻെറ സംസാരംകേട്ട അദ്ദേഹം ഏതോ വിചാ

...സൃഷ്ടിയെ നോക്കുന്നതുപോലെ എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് ചോദിച്ചു.

"ആരു് ഇപ്പോറംവരും എന്നുപറഞ്ഞു്?"

"മി. മാധവൻ"

അയാറം പൊട്ടിച്ചിരിച്ചു.

"നിങ്ങറം മി. മാധവനെ ഇതിനുമുൻപു് കണ്ടിട്ടില്ലേ"

"ഇല്ല-കാണാനല്ലേ വന്നതു്"

"എന്നാൽ ഈ പോയ ആളുതന്നെയാണു് നിങ്ങറം കാണാൻവന്ന മി. മാധവൻ-ഇതുവരെയും നിങ്ങളുമായി സംസാരിച്ചിരുന്നതു് അദ്ദേഹമാണു്-കൊള്ളാം നല്ലനേരം പോക്കു്."

"ഒള്ളതോ,, ഞാൻ പിത്തംപിടിച്ചവനെപ്പോലെയായിപ്പോയി. ഒന്നും പറയാൻ എനിക്കു തോന്നിയില്ല.

അപ്പോഴേയ്ക്കും അദ്ദേഹം മടങ്ങിവന്നു.

മൂന്നുകപ്പു കാപ്പിയുമായി ആ പഴയ പയ്യനുംവന്നു.

“എന്നാലും കൊള്ളാമല്ലോ സാറേ-എന്നെയങ്ങു ഇല്ലാതാക്കിക്കളഞ്ഞല്ലോ. ശിഷ്യനാണ്—കൂടെത്താമസിക്കുന്നവനാണ്”............”

ഞാൻ കാര്യം മനസ്സിലാക്കിയെന്നദ്ദേഹത്തിനു ബോദ്ധ്യമായി. ഒരു കള്ളച്ചിരി ആ ചുണ്ടുകളെ വലിച്ചുനീട്ടി.

“ഏതായാലും കാപ്പികുടിക്കാം” അദ്ദേഹം പറഞ്ഞു. കാപ്പികുടിക്കുന്നതിനിടയിൽ ഞാനദ്ദേഹത്തിന്റെ ആകൃതി കാണാപ്പാഠമാക്കി.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MF9. *Acc. No.* 34963

This book should be returned on or before the date last stamped below.

31 DEC 1976

MF9.
34963
Bha-S.

ഭദ്രൻ
സംഭാവന

K. S. S. PILLAI
DEC 1961

## നാടകങ്ങൾ

1 0 0

മായ (സ്വാമി ബ്രഹ്മവ്രതൻ) 1 8 0

വീരകാമിനി

വിദ്വാൻ ഗോപാലകൃഷ്ണൻ നായർ 1 0 0

[illegible]നായാന്തകണ്ണികൾ

പാലാ ഗോപാലൻനായർ എം. ഏ. 1 0 0

രക്താർപ്പണം

ഉമയനല്ലൂർ ബാലകൃഷ്ണപിള്ള 0 12 0

വിവാഹത്തിനുശേഷം

കോന്നിയൂർ നരേന്ദ്രനാഥ് B. Sc. B. L. 1 4 0

അഭിജ്ഞാനം

കെ. ആർ. സുദേശൻ നായർ. 1 4 0

മൂന്നു സഹോദരിമാർ

വക്കം അബ്ദുൽഖാദർ 0 12 0

അപരാധി

മിസ്സ് ജോസഫാ എം. ഏ. 0 8 0

പ്രേമപരീക്ഷ

മിസ്സ് ജോസഫാ എം. ഏ.

ഉദയാ ബുക്കസ്റ്റാൾ, പുനലൂർ.

ബ്രാഞ്ച് — തിരുവനന്തപുരം.